# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉള്ള്യേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2023–2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്–673020

ഇ–മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495–2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P4/1720/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 07/10/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉള്ള്യേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P4/1720/24 തീയ്യതി: 07/10/2024

## കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്,

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 28-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 06-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നന്ദന.എസ്.പിള്ളൈ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 29-08-2024 | 07-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 29-08-2024 | 07-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. രബിത. ടി.പി.ഓഡിറ്റ് ഓഫീസർ.

ശ്രീമതി. ദിശ ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.

ശ്രീമതി. ധന്യ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.

കുമാരി . അയന. എൻ, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി. അജിത | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി രജനി. പി | സെക്രട്ടറി | 01-04-2023 | 09-10-2023 |
| ശ്രീ . സുനിൽ ഡേവിഡ് | സെക്രട്ടറി | 10-10-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വാസുദേവൻ എം. സി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ വിവേക് വേണുഗോപാൽ | അസിസ്റ്റൻറ് എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ഡോ. സിന്ധു കെ.പി | മെഡിക്കൽ ഓഫീസർ ( സി. എച്ച്.സി) | 01-04-2023 | 09-07-2023 |
| ഡോ. വിൻസൻറ് ജോർജ് | മെഡിക്കൽ ഓഫീസർ ( സി. എച്ച്.സി) | 10-07-2023 | 31-03-2024 |
| ഡോ. ഹൈറുന്നീസ | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2023 | 07-09-2023 |
| ഡോ. സജിത്ത് | മെഡിക്കൽ ഓഫീസർ, ആയുർവേദ | 08-09-2023 | 31-03-2024 |
| ഡോ. അബ്ദുൾ ഗഫൂർ സി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2023 | 31-03-2024 |
| സുബീഷ്. പി.എം | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ മുഹമ്മദ് ബഷീർ | കൃഷി ഓഫീസർ | 01-04-2023 | 03-12-2023 |
| ശ്രീ മുഹമ്മദ് പി.എം | കൃഷി ഓഫീസർ | 04-12-2023 | 31-03-2024 |
| ശ്രീമതി ഗീത ടി.എം | ഐ. സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ ബിജോഷ്. എസ്.ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി അനു. പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. അരവിന്ദൻ സി | ഹെഡ് മാസ്റ്റർ | 01-04-2023 | 26-12-2023 |
| ശ്രീ ഗണേശൻ കെ . | ഹെഡ് മാസ്റ്റർ | 27-12-2023 | 31-03-2024 |
| ശ്രീ. മുഹമ്മദ് നവാസ്. പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ഇഷ്യൂ ചെയ്ത് 3 മാസത്തിലധികമായ ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല . | 1-1-2 |
| 4 | ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-3 |
| 5 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല . | 1-1-4 |
| 6 | ബാധ്യതാ ഹെഡിൽ അവശേഷിക്കുന്ന തുകകളിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ വരവാക്കി മാറ്റിയിട്ടില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളും അഡ്വാൻസ് ,ഡെപ്പോസിറ്റ് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുളള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | രശീതി തെറ്റായ ശീർഷകത്തിൽ നൽകി പിന്നീട് ജേണൽ മുഖേന തിരുത്തിയില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക നില (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം ) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 14 | തൊഴിൽനികുതി .അപാകതകൾ | 1-7 |
| 15 | ഷോപ്പിങ് കോംപ്ലക്സ് വാടക - പണമില്ലാതെ ചെക്ക് മടങ്ങി -യഥാസമയം നടപടി സ്വീകരിക്കുന്നില്ല. | 1-8 |
| 16 | ഷോപ്പിങ് കോംപ്ലക്സ് വാടക - കുടിശ്ശിക വരുത്തുന്നവർക്ക് തുടർന്നും അനുവദിക്കുന്നു-ബൈലോയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല- | 1-9 |
| 17 | സ്ഥിര നിക്ഷേപം മുഴുവൻ പലിശയും ലഭ്യമായതിന്റെ വിവരം ലഭ്യമല്ല | 1-10 |
| 18 | ഓഫീസ് ഫർണിഷിങ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം - ലഭ്യമാക്കിയ ഇനങ്ങളിൽ വ്യത്യാസം | 1-11 |
| 19 | ലാപ്പ് ടോപ്പ് ലഭ്യമായില്ല | 1-12 |
| 20 | ലേലം അപാകതകൾ | 1-13 |
| 21 | വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം - ടെണ്ടറിൽ നിരക്ക് രേഖപ്പെടുത്തിയതിൽ അവ്യക്തത – മറ്റ് അപാകതകൾ | 1-14 |
| 22 | പി.എം. എ .വൈ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-15 |
| 23 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-16 |
| 24 | തെരുവ് വിളക്ക് സ്ഥാപിക്കൽ - കൃത്യമായ കണക്കില്ല | 1-17 |
| 25 | വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ റെയിഡ്കോയ്ക്ക് അധികനിരക്ക് നൽകി | 1-18 |
| 26 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല | 1-19 |
| 27 | ഡെപ്പോസിറ്റ് രജിസ്ററർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-20 |
| 28 | ഭവനപദ്ധതികൾ പൂർത്തീകരിക്കാത്തതുസംബന്ധിച്ച് | 1-21 |

| | | |
|---|---|---|
| 29 | ഹരിതകർമ്മസേനയുടെ പ്രവർത്തനം | 1-22 |
| 30 | സ്വയംതൊഴിൽ സംരംഭങ്ങൾ നടപ്പാക്കാത്തത് സംബന്ധിച്ച് | 1-23 |
| 31 | വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ -മണ്ണ് പരിശോധനയും രൂപകൽപ്പനയും അപാകതകൾ | 1-24 |
| 32 | വിവിധ സ്കൂളുകളിൽ ടോയ്ലെറ്റ് നിർമ്മാണം - തുടർച്ചയായി 3 വർഷം പദ്ധതി വെച്ചിട്ടും പദ്ധതി നടപ്പിലാക്കുന്നില്ല | 1-25 |
| 33 | വീട് വാസയോഗ്യമാക്കൽ പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 1-26 |
| | **ഭാഗം 2** | |
| 1 | സ്ഥിര നിക്ഷേപം മുഴുവൻ പലിശയും ലഭ്യമായതിന്റെ വിവരം ലഭ്യമല്ല | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ 30-05-2024 ലെ 127/2024-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 4.6.24 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉള്ള്യേരി ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉള്ള്യേരി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി-07.10.2024 **ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഉദാ - റേഷ്യോസ്

## 1-1-2 ഇഷ്യൂ ചെയ്ത് 3 മാസത്തിലധികമായ ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല .

Other Co-Op Bank -Own Fund (അക്കൗണ്ട് നമ്പർ 2389) ന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ,

I. ചെക്ക് ഇഷ്യൂ ചെയ്ത് 3മാസത്തിലധികമായത് Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല .

| ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|
| 129149 | 6.12.23 | 250 |

## 1-1-3 ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ചുവടെ ചേർത്ത ചെക്കുകൾ ക്രഡിറ്റ് ആവാത്തത് ഇതുവരേയും ക്രമീകരിച്ചിട്ടില്ല .

| ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|
| 9751088 | 15.9.20 | 7,500 |
| Z6541972 | 23.9.20 | 18,250 |
| 2619 | 30.3.23 | 24,768 |

## 1-1-4 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

| ഫണ്ടിനം | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക | ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് തുക |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 12,98,303 | 29,37,675 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് | 16,24,306 | |

## 1-1-5 ബാധ്യതാ ഹെഡിൽ അവശേഷിക്കുന്ന തുകകളിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ വരവാക്കി മാറ്റിയിട്ടില്ല.

Liability In Respect Of Stale Cheque എന്ന ബാധ്യതാ ഹെഡിൽ അവശേഷിക്കുന്ന തുകകളിൽ കാലാവധി കഴിഞ്ഞ 38,498 /- രൂപയുടെ ചെക്കുകൾ വരവാക്കി മാറ്റിയിട്ടില്ല.

## 1-1-6 വാർഷിക കണക്കുകളിലെ തുകകളും അഡ്വാൻസ് ,ഡെപ്പോസിറ്റ് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ തുകകളും അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-7 രശീതി തെറ്റായ ശീർഷകത്തിൽ നൽകി പിന്നീട് ജേണൽ മുഖേന തിരുത്തിയില്ല

ലേലം വരവ് തുക Auction Deposit ആയി വരവിൽ എടുത്തു .തൻവർഷം ലേലം ഇനത്തിൽ ആകെ വരവായി ലഭിച്ചത് 373200/-രൂപയാണ് .പ്രസ്തുത തുക Auction Deposit ആയാണ് വരവിൽ എടുത്തത് .

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 23-03-2023 തീയതിയിലെ 85/2023 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 31.01.2024 തീയതിയിലെ 36/2024 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക നില (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 4,29,53,948 |
| വരവ് | 8,54,12,945 |

| | |
|---|---|
| ആകെ | 12,83,66,893 |
| ചെലവ് | 7,73,15,366 |
| നീക്കിയിരിപ്പ് | 5,10,51,527 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,15,58,000 | 2,15,58,000 | 1,71,21,030 | 44,36,970 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,00,44,000 | 1,00,44,000 | 66,35,426 | 34,08,574 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 48,70,000 | 48,70,000 | 25,02,986 | 23,67,014 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 72,50,000 | 7250000 | 13,21,225 | 59,28,775 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് പലിശ 299534 ഉൾപ്പടെ (പി.എഫ്. എം.എസ് ) | 36,58,655 | 38,69,534 | 75,28,189 | 52,35,890* | 22,92,299 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ<br>ടൈഡ് ഗ്രാന്റ് ( പി.എഫ്.എം. | 59,02,448 | 26,77,500 | 85,79,948 | 38,56,207* | 47,23,741 |

| | എസ് ) | | | | | |
|---|---|---|---|---|---|---|

*കുറിപ്പ് - CFC Tied + Untied ചെലവ് IKM ചെലവ് പത്രികയിലെ ചെലവ് തുകയിൽനിന്നും 1534 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 272565349 | 130 | 80327196 | 96 | 11 | 54 % |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)–ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.09.2024 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,955/- രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-7 തൊഴിൽനികുതി .അപാകതകൾ

ഉള്ള്യേരി പഞ്ചായത്തിലെ തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയതിൽ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

(2)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2802 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2023-24 വർഷത്തിൽ 123 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. 38 കെട്ടിടങ്ങളുടെ നികുതി എഴുതി തള്ളിയിട്ടുണ്ട്. (Demolished) അതുകൊണ്ട് തന്നെ 2641 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. എന്നാൽ ഡി & ഒ രജിസ്റ്റർ പ്രകാരം 871 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്. മുഴുവൻ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നു എന്ന് ഉറപ്പുവരുത്തിയിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിയ്ക്ക് ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ, കൈവശക്കാരനോടോ, ഹോട്ടൽ, ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിലോ മുറിയിലോ താമസിക്കുന്നവരെ കുറിച്ചും അവരുടെ തൊഴിലിനേയോ ഉദ്യോഗത്തേയോ കലയെയോ സംബന്ധിച്ചും വാടകയെക്കുറിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതും തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായവരെ ഇപ്രകാരം കണ്ടെത്താവുന്നതുമാണ്. പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു.

3).കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ വരുന്ന വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ 19 കരാറുകാർ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ കരാറുകാരൻ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**1-8 ഷോപ്പിങ് കോംപ്ലക്സ് വാടക – പണമില്ലാതെ ചെക്ക് മടങ്ങി –യഥാസമയം നടപടി സ്വീകരിക്കുന്നില്ല.**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാർഡ് 4 ലെ ഷോപ്പിങ് കോംപ്ലക്സിലെ F4 നമ്പർ മുറി ശ്രീ. അനീഷ് കക്കാട്ടിൽ മീത്തൽ എന്ന വ്യക്തിക്ക് 06.12.21 മുതൽ വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. ടിയാൻ 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള വാടക യഥാസമയം അടവാക്കാതിരിക്കുകയും, പിന്നീട് വാടക കടിശ്ശികയിനത്തിലുള്ള തുക 24768/- രൂപ ചെക്ക് മുഖേന 30.03.23 ന് ഗ്രാമ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തു. കളക്ഷനു വേണ്ടി പഞ്ചായത്ത് 03.04.23 ന് ചെക്ക് ബാങ്കിൽ സമർപ്പിച്ചെങ്കിലും അക്കൗണ്ടിൽ പണമില്ലാത്തതിനാൽ മടങ്ങി. തുടർന്ന് 18.05.23 ന് ടിയാന് അറിയിപ്പ് നൽകിയെങ്കിലും തുക അടവാക്കാത്തതിനാൽ 16.10.23 ലെ 316(2)/2023 തീരുമാന പ്രകാരം ടിയാനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും നിലവിലുള്ള റൂമിൽ നിന്ന് ഒഴിപ്പിക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2022-23 വർഷത്തെ വാടക കടിശ്ശിക വരുത്തിയ മേൽ ലൈസൻസി ജനുവരി മാസം വരെയും പ്രസ്തുത മുറി കൈവശം വെച്ച് ഉപയോഗിച്ചതായും പിന്നീട് തിരിച്ചേൽപ്പിച്ചതായും സെക്ഷന്റെ ചാർജ് ഉള്ള ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. (ഫയലിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല) ഈ കാലയളവിലെ വാടകയിനത്തിൽ 21339/- രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. നിലവിൽ ടിയാനെതിരെ 04.04.24 ന് 2024/6562/11 നമ്പറായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2022 ഏപ്രിൽ മാസം മുതൽ വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തുകയും, 2023 മാർച്ചിൽ വാടക അടവാക്കിയെങ്കിലും അക്കൗണ്ടിൽ പണമില്ലാതെ ചെക്ക് മടങ്ങുകയും ചെയ്തിട്ടും ലൈസൻസിയെ തുടർന്നുള്ള 10 മാസങ്ങളിൽ മുറി കൈവശം വെച്ച് ഉപയോഗിക്കാൻ അനുവദിച്ച നടപടി അംഗീകരിക്കാവുന്നതല്ല.

2. ടിയാന്റെ ഡെപ്പോസിറ്റ് തുക അടവാക്കാനുള്ള വാടക തുകയിലേക്ക് മുതൽക്കൂട്ടിയില്ല.

3. KB6, KB7 എന്നീ മുറികൾ കൈവശം വെച്ച് ഉപയോഗിച്ച് വരുന്ന ശ്രീ. ഗോവിന്ദൻ നമ്പാറമ്പത്ത് എന്ന ലൈസൻസി 2022-23 വർഷത്തെ വാടക കടിശ്ശികയിനത്തിലുള്ള തുക 1,18,933/- രൂപ ചെക്ക് മുഖേന 31.03.23-ന് ഗ്രാമപഞ്ചായത്തിൽ അടവാക്കിയെങ്കിലും പഞ്ചായത്ത് കളക്ഷനു വേണ്ടി 03.04.23 ന് ചെക്ക് ബാങ്കിൽ സമർപ്പിച്ചപ്പോൾ അക്കൗണ്ടിൽ പണമില്ലാത്തതിനാൽ മടങ്ങി. (പിന്നീട് 12.07.2023 ന് കളക്ഷനായി) എന്നാൽ വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയ ടി ലൈസൻസിയ്ക്ക് 2023-24 വർഷവും മുറി അനുവദിച്ചു. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 17/23-24 തിയതി 06.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോയിലെ വ്യവസ്ഥകൾക്ക് എതിരായും പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾ കണക്കിലെടുക്കാതെയും മുറികൾ വാടകയ്ക്ക് നൽകുന്ന നടപടിയിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ക്രമ നമ്പർ 1 ൽ സൂചിപ്പിച്ച, പഞ്ചായത്തിന് നഷ്ടം വന്ന 46107/- രൂപയുടെ റവന്യൂ റിക്കവറി നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

**1-9 ഷോപ്പിങ് കോംപ്ലക്സ് വാടക – കടിശ്ശിക വരുത്തുന്നവർക്ക് തുടർന്നും അനുവദിക്കുന്നു– ബൈലോയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല–**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ് കോംപ്ലക്സ് റൂമുകൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. **വാടക അടവ് വരുത്തുന്നതിൽ കടിശ്ശിക വരുത്തുന്നവർക്ക് തുടർന്നും മുറികൾ അനുവദിക്കുന്നു.**

മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള ബൈലോ അനുസരിച്ച് മുറിയുടെ പ്രതിമാസ വാടക അതാത് മാസം അഞ്ചാം തിയതിയ്ക്ക് മുൻപായി അടവ് വരുത്തേണ്ടതാണ്. എന്നാൽ 2023-24 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 12 ലൈസൻസികൾ 23-24 വർഷത്തെ വാടക പൂർണ്ണമായും 31.03.24 നാണ് അടവാക്കിയത്. വീഴ്ച വരുത്തുന്നവർക്ക് രേഖാമൂലം നോട്ടീസ് നൽകി അടവാക്കാൻ ആവശ്യപ്പെടുന്നില്ല. മാത്രമല്ല വാടക യഥാസമയം അടയ്ക്കാത്തവർക്ക് പിന്നീട് മുറി അനുവദിക്കാൻ പാടില്ല എന്ന ബൈലോയിലെ വ്യവസ്ഥ പാലിക്കാതെ യഥാസമയം വാടക അടവാക്കാത്ത ലൈസൻസികൾക്കെല്ലാം തന്നെ അടുത്ത വർഷവും മുറി അനുവദിക്കുന്നു.

**2. എഗ്രിമെന്റ് പുതുക്കുന്നില്ല**

നിലവിൽ 40 മുറികൾ ലൈസൻസികൾ കൈവശം വെച്ച് ഉപയോഗിക്കുന്നുണ്ടെങ്കിലും 6 മുറികൾക്ക് മാത്രമാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. നിബന്ധനകൾ ഉൾപ്പെടുത്തി കരാർ വെക്കാത്തത് പിന്നീട് നിയമപരമായി നടപടികൾ കൈക്കൊള്ളുന്നതിന് തടസ്സമാകുന്നതാണ്.

**3. വാടക മുൻകൂറായി അടവാക്കുന്നില്ല.**

ബൈലോയിലെ വ്യവസ്ഥ 12 പ്രകാരം ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാൽ ലേലം കൊണ്ടയാൾ അപ്പോൾ തന്നെ മൂന്ന് മാസത്തെ വാടക മുൻകൂറായി പഞ്ചായത്തിലേയ്ക്ക് കെട്ടിവെയ്ക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം വാടക മുൻകൂറായി അടവാക്കാൻ ആവശ്യപ്പെടുന്നില്ല. ഉദാഹരണത്തിന് 10.03.23 ൽ നടന്ന ലേലത്തിൽ F1, F2, F3 മുറികളുടെ ലേലം 9100/- രൂപയ്ക്ക് ഉറപ്പിച്ചെങ്കിലും വാടക മുൻകൂറായി അടവാക്കിയിട്ടില്ല. അതുപോലെ തന്നെ 19.08.24 ന് നടന്ന ലേലത്തിൽ G1, G2, G8 എന്നീ മുറികളുടെ ലേലം യഥാക്രമം 9600/-, 8000/-, 4600/- എന്നീ തുകകൾക്ക് ഉറപ്പിച്ചെങ്കിലും വാടക മുൻകൂറായി

അടവാക്കാൻ ആവശ്യപ്പെട്ടിട്ടില്ല. മാത്രമല്ല, സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കേണ്ട തുക സംബന്ധിച്ച് ലേലത്തിന് മുമ്പായി ലേലക്കാരെ അറിയിക്കേണ്ടതാണ് എന്ന് ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇക്കാര്യം ലേല നോട്ടീസിൽ ഉൾപ്പെടുത്തുന്നുമില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 18 /23-24 തിയതി 06.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-10 സ്ഥിര നിക്ഷേപം മുഴുവൻ പലിശയും ലഭ്യമായതിന്റെ വിവരം ലഭ്യമല്ല

പഞ്ചായത്തിലെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം 2023-24 വർഷം പലിശ ഉൾപ്പടെ 2,78,68,836/- രൂപയുടെ സ്ഥിര നിക്ഷേപം അവശേഷിക്കുന്നുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ നിക്ഷേപത്തിന് ബാങ്ക് ഓഫർ ചെയ്ത പലിശ ലഭിച്ചിട്ടില്ലെന്ന് കാണുന്നു. ഇത് സംബന്ധിച്ച് ഖണ്ഡിക 2-1 ൽ പരാമർശിച്ചിട്ടുണ്ട് .

## 1-11 ഓഫീസ് ഫർണിഷിങ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം - ലഭ്യമാക്കിയ ഇനങ്ങളിൽ വ്യത്യാസം

പ്രൊജക്ട് നമ്പർ : 7/24

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ തുക : 20,00,000(തനതു ഫണ്ട് )

ചെലവു തുക : ബിൽ പ്രൊസീഡിങ്സ് നമ്പർ

13,17,393/- : 502/ 27.03.24(തനതു ഫണ്ട് )

11,78,220/- : 476140/ 10.7.24 (ചെക്ക് നമ്പർ)

ഓഫീസ് നവീകരണത്തിന്റെ ഭാഗമായി പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ ചേമ്പറുകൾ സജ്ജീകരിക്കൽ, ഓഫീസ് ക്യുബിക്കിളായി പാർട്ടീഷൻ ചെയ്ത് ഫർണിഷിങ് ചെയ്യുക, നെറ്റ് വർക്ക് സൌകര്യം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികളാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. പ്രൊജക്ട് പ്രകാരം നിർവ്വഹണം റബ്കോ മുഖേനയാണ് നടത്തുന്നത്. എന്നാൽ 02.12.23 ലെ 3/349(10)/23 നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം റബ്കോ ലിമിറ്റഡ് എന്ന സ്ഥാപനം മതിയായ പ്ലാൻ സമർപ്പിക്കാതിരുന്നതിനാലും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാലും മത്സരാധിഷ്ഠിത ബിഡ്ഡിങ്ങ് വഴി ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന അംഗീകൃത സ്ഥാപനം വഴി പ്രൊജക്ട് നടപ്പാക്കുന്നതിനും നിർവ്വഹണ രീതി അക്രഡിറ്റഡ് ഏജൻസി വഴി എന്നാക്കി പദ്ധതി നടപ്പാക്കുന്നതിനും തീരുമാനിച്ചു. 11.01.24 ലെ എസ്.സി.2-2414/23 നമ്പറിലുള്ള ടെണ്ടർ പരസ്യം മുഖേന സപ്ലൈ ചെയ്യേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ സഹിതം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ബിഡ്ഡിങ് ക്ഷണിച്ചു.

കാഡ്കോ (Kerala Artisans's Development Corporation Ltd.), ആർട്ട്കോ(Artisans's Development Co-Operative Ltd), സിഡ്കോ (Kerala Small Industries Development Corporation Ltd.) എന്നീ സ്ഥാപനങ്ങൾ താത്പര്യപത്രം സമർപ്പിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സിഡ്കോയുടെ 28,52,973.84/- രൂപയുടെ നിരക്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 22.01.24 ലെ 4 നമ്പർ ഭരണസമിതി തീരുമാന പ്രകാരം ടി ഏജൻസിയോട് നെഗോഷ്യേറ്റ് ചെയ്ത് തുക കുറവാക്കി തരുന്നതിന് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയും സിഡ്കോ മേൽ നിരക്ക് 24,95,613/- ആക്കുകയും ചെയ്തിട്ടുണ്ട്. (സിഡ്കോയുടെ 30.01.24 ലെ SIDCO/MKTG/Proposa;/23-24 നമ്പർ കത്ത് )
സിഡ്കോയുടെ 06.03.24 ലെ MJR/23-24/246 നമ്പർ ഇൻവോയിസ് പ്രകാരം വുഡൻ പാർട്ടീഷൻ, ഗ്ലാസ്സ് ഡോർ, നെറ്റ് വർക്കിങ് എന്നിവയ്ക്കായി ഇൻസ്റ്റലേഷൻ ചാർജ് 20,000/- ഉൾപ്പടെ 13,17,393/- രൂപ 23-24 വർഷം മേൽ ബിൽ പ്രകാരവും, 29.03.24 ലെ MJR/23-24/328 ഇൻവോയിസ് പ്രകാരം ഫർണ്ണിച്ചർ സപ്ലൈ ചെയ്ത ഇനത്തിലുള്ള തുക 11,78,220/- രൂപ 24-25 വർഷവും (ചെക്ക് നമ്പർ 476140/10.07.24) നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഏക വർഷ പ്രൊജക്ട് ആയി 20,00,000/- രൂപ അടങ്കലിലാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ സിഡ്കോയുടെ 28,52,973.84/- രൂപയ്ക്കുള്ള (നെഗോഷ്യേറ്റ് ചെയ്ത 24,95,613/- രൂപയാക്കി) ടെണ്ടർ അംഗീകരിക്കുകയും ഇതിൽ 13,17,393/- രൂപ 23-24 വർഷവും 1178220/- രൂപ 24-25 വർഷവും അനുവദിക്കുകയും ചെയ്തു. പ്രൊജക്ട് കോസ്റ്റ് , വകയിരുത്തലിനേക്കാളും അധികം ആയിട്ടും പ്രൊജക്ട് റിവൈസ് ചെയ്തില്ല. 2024-25 വർഷം അധിക തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രൊജക്ട് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആകെ അടങ്കൽ തുകയിൽ മാറ്റം വരുത്തിയോ എന്നത് പരിശോധിക്കാനായിട്ടില്ല.

2. അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടത്തുന്നതിനുള്ള മാർഗ്ഗരേഖ GO(P) No. 67/21/Fin തിയതി 28.04.21 പ്രകാരം, മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള എഞ്ചിനീയറിങ് വിങ് നിലവിലുള്ള സ്ഥാപനങ്ങൾ അപ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കേണ്ടതെന്നും അല്ലാത്ത പ്രത്യേക സാഹചര്യങ്ങളിൽ അക്രഡിറ്റഡ് ഏജൻസിയെ ഏല്പിക്കാവുന്നതാണെന്നും വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ എഞ്ചിനീയറിങ് വിങ്ങ് നിലവിലുണ്ടായിട്ടും പ്രവൃത്തി നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തിയതിനുള്ള പ്രത്യേക സാഹചര്യം പ്രൊക്യൂർമെന്റ് കമ്മിറ്റിയിലോ ഭരണസമിതിയിലോ ചർച്ച ചെയ്ത് തീരുമാനിച്ചതായി കാണുന്നില്ല. മാത്രമല്ല റബ്കോ ലിമിറ്റഡ് എന്ന

സ്ഥാപനം മതിയായ പ്ലാൻ സമർപ്പിക്കാതിരുന്നതിനാലാണ് നിർവ്വഹണ രീതി റബ്കോ എന്നത് മാറ്റി മറ്റ് അക്രഡിറ്റഡ് ഏജൻസികൾ വഴി എന്ന് പ്രൊജക്ടിൽ തിരുത്തൽ വരുത്തി സിഡ്കോ മുഖേന ചെയ്യുന്നത് എന്ന് പഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ടെങ്കിലും റബ്കോ എന്ന സ്ഥാപനത്തിന് പദ്ധതി നടപ്പാക്കാൻ ആവശ്യപ്പെട്ട് കത്തിടപാട് നടത്തിയതിന്റെയോ സ്ഥാപനം വിമുഖത കാണിച്ചതിന്റെയോ വിശദാംശം ഫയലിലില്ല.

3. അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടത്തുന്നതിനുള്ള മാർഗ്ഗരേഖ GO(P) No. 67/21/Fin തിയതി 28.04.21 പ്രകാരം പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കണം. എന്നാൽ സിഡ്കോ ലഭ്യമാക്കിയത് ഓരോ ഇനത്തിന്റെയും ആകെ അളവും ആയതിന്റെ നിരക്കും അടങ്ങിയ ബിൽ മാത്രമാണ്. മാത്രമല്ല അക്രഡിറ്റഡ് ഏജൻസി ചെയ്യുന്ന പ്രവർത്തികൾ നിലവിലുള്ള എഞ്ചിനീയറിങ് വിങ്ങ് ചെക്ക് മെഷർ ചെയ്യേണ്ടതാണ് എന്ന നിബന്ധനയും പാലിച്ചിട്ടില്ല. സിഡ്കോ ലഭ്യമാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിലാണ് 24,75,643/- രൂപ അനുവദിച്ചത്.

4. 29.03.24 ലെ MJR/23-24/328 നമ്പർ ടാക്സ് ഇൻവോയിസ് പ്രകാരമുള്ള 11,78,220/- രൂപയുടെ ഫർണ്ണിച്ചറുകൾ സിഡ്കോ ലഭ്യമാക്കിയതിന്റെ ഭൌതിക പരിശോധന നടത്തിയതിൽ ചില ഫർണ്ണിച്ചറുകൾ പൂർണ്ണമായും ലഭിക്കാത്തതായി കാണുന്നു. ഇൻവോയിസ് പ്രകാരമുള്ള ഫർണ്ണിച്ചറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|
| 1 | Modular Executive Table 2000mm(L)*1000mm(W)*750mm(H) For President | 1 | 30,818 | 30,818 |
| 2 | Modular Executive Table 2000mm(L)*1000mm(W)*750mm(H) For Secretary | 1 | 29,214 | 29,214 |
| 3 | Side Table 1200mm(L)*400mm(W)*750mm(H) | 2 | 13,545 | 27,090 |
| 4 | Modular Table 1500mm(L)*600mm(W)*750mm(H) | 3 | 24,536 | 73,608 |
| 5 | Modular Table 1500mm(L)*600mm(W)*750mm(H) For Dinig | 1 | 16818 | 16818 |
| 6 | Dining Table Chair | 6 | 3,045 | 18,270 |
| 7 | Modular Table 1350mm(L)*600mm(W)*750mm(H) Clerical Staff | 12 | 16,600 | 1,99,200 |
| 8 | Side Table 900mm(L)*400mm(W)*0mm(H) | 14 | 10,900 | 1,52,600 |
| 9 | Modular Mobile Pedastal | 15 | 6,809 | 1,02,135 |
| 10 | Storage Shelf | 2 | 35,000 | 70,000 |

| | | | | |
|---|---|---|---|---|
| | 1800mm(L)*400mm(W)*1200mm(H) President And Secretary Room | | | |
| 11 | Executive High Back Revolving Chair | 2 | 15,363 | 30,726 |
| 12 | High Back Revolving Chair | 3 | 10,880 | 32,640 |
| 13 | Medium Back Revolving Chair | 12 | 6,341 | 76,092 |
| 14 | Visitors Chair | 15 | 6,497 | 97,455 |
| 15 | Storage Shelf | 1 | 41,825 | 41,825 |
| | **TOTAL** | | | 9,98,491 |
| | **GST** | | | 1,79,729 |
| | **GRAND TOTAL** | | | **11,78,220** |

മേൽ പട്ടിക ക്രമ നമ്പർ 10 പ്രകാരം സെക്രട്ടറിയുടെയും പ്രസിഡണ്ടിന്റെയും റൂമിലേക്കുള്ള 2 സ്റ്റോറേജ് ഷെൽഫുകളിൽ [1800mm(L)*400mm(W)*1200mm(H)] ഒന്ന് മാത്രമാണ് ലഭിച്ചത്. അതുപോലെ ടെണ്ടർ നോട്ടീസിൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും, പ്രൊഫോർമ ഇൻവോയിസിൽ സിഡ്കോ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനിലുള്ളതുമായ ഫർണ്ണിച്ചറുകൾ ലഭ്യമാക്കുന്നതിനു പകരം; ചില ഫർണ്ണിച്ചറുകൾ പൂർണ്ണമായും ലഭ്യമാക്കാത്തതായും മറ്റ് ചിലവ സ്പെസിഫിക്കേഷനിൽ നിന്ന് വ്യത്യസ്തമായി സപ്ലൈ ചെയ്തതായും കാണുന്നു. ഉദാഹരണത്തിന് പ്രൊഫോർമ ഇൻവോയിസിൽ ഉൾപ്പെടുത്തിയ ക്രമ നമ്പർ 9 പ്രകാരമുള്ള OA Table 900mm*500mm*750 സൈസിലുള്ള 3 മേശകൾ ഒന്നിന് 12690/- രൂപ നിരക്കിലുള്ളത് ലഭ്യമാക്കിയിട്ടില്ല.

3 സ്ഥാപനങ്ങൾ നിശ്ചിത നിരക്കിലും എണ്ണത്തിലുമുള്ള ഫർണ്ണിച്ചറുകൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ സമർപ്പിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സിഡ്കോയെ അംഗീകരിച്ചതിനു ശേഷം സ്പെസിഫിക്കേഷനിലും എണ്ണത്തിലും മാറ്റം വരുത്തി സപ്ലൈ ചെയ്യുന്നത് സ്റ്റോർ പർച്ചേസ് നിബന്ധനകൾക്ക് എതിരാണ്. മാത്രമല്ല സ്ഥാപനവുമായി നെഗോസിയേഷൻ നടത്തുന്നത്, നിശ്ചിത അളവിലും എണ്ണത്തിലുമുള്ളവ ആദ്യം രേഖപ്പെടുത്തിയ നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനാണ്. എന്നാൽ ടെണ്ടറിൽ രേഖപ്പെടുത്തിയ അളവ്/സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായി സിഡ്കോ ഫർണ്ണിച്ചറുകൾ സപ്ലൈ ചെയ്തത് അംഗീകരിക്കാവുന്നതല്ല. ഇക്കാര്യത്തിൽ യഥാർത്ഥത്തിൽ സപ്ലൈ ചെയ്യേണ്ടിയിരുന്നതും നിലവിൽ സപ്ലൈ ചെയ്തതുമായ ഫർണ്ണിച്ചറുകളുടെ ഭൗതിക പരിശോധന നടത്തി കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

5. ധനകാര്യ വകുപ്പിന്റെ 27.06.23 ലെ 63/23/Fin സർക്കുലർ പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും ഇ.എം.ഡി, പെർഫോർമൻസ് സെക്യൂരിറ്റി, അഡീഷണൽ പെർഫോർമൻസ് സെക്യൂരിറ്റി എന്നിവ ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും നിർവ്വഹണം നടത്തിയ ഏജൻസിയിൽ നിന്നും യാതൊരു തരത്തിലുള്ള സെക്യൂരിറ്റിയും ഈടാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി വഴി പദ്ധതി നടപ്പാക്കിയതിനും മറ്റ് അപാകതകൾക്കും വിശദീകരികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.8 /23-24 തിയിതി 06.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി എഞ്ചിനീയറിങ്ങ് വിങ് ചെക്ക് മെഷർ ചെയ്ത് റിപ്പോർട്ട് സഹിതം ലഭ്യമാക്കേണ്ടതും സിഡ്കോ ലഭ്യമാക്കിയ ഫർണ്ണിച്ചറുകളിലെ വ്യത്യാസം പരിഹരിച്ച് പ്രൊഫോർമ ഇൻവോയിസിൽ ക്വാട്ട് ചെയ്തതിനനുസൃതമായി നിശ്ചിത സ്പെസിഫിക്കേഷനിലും എണ്ണത്തിലുമുള്ള ഫർണ്ണിച്ചറുകൾ ലഭ്യമാക്കുകയും ചെയ്യുന്നതു വരെ 2023-24 വർഷത്തെ ചെലവു തുക 13,17,393/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**<u>1-12 ലാപ്പ് ടോപ്പ് ലഭ്യമായില്ല</u>**

പ്രോജക്ട് നം : 238/23-24.

അടങ്കൽ : 432000

ചെലവ് : 430260

ഫണ്ട് : ഹെൽത്ത് ഗ്രാന്റ്

ഉള്ള്യേരി ഗ്രാമപഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് ആൻഡ് വെൽനസ് പ്രൊജക്ടിന്റെ ഭാഗമായി 4 ലാപ്പ് ടോപ്പ് വാങ്ങാനായി ബിൽനം 327/ 6.3.24 പ്രകാരം

193104 / രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം.30367948080) കൈമാറിയിട്ടുണ്ട്. ഓഡിറ്റ് കാലയളവ് വരെ ലാപ്പ്ടോപ്പ് ലഭ്യമായിട്ടില്ല. ലാപ്പ്ടോപ്പ് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ലാപ്പ് ടോപ്പ് ലഭ്യമാക്കി വിവരം അറിയിക്കും വരെ ചെലവ് തുക 1,93,104 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-13 ലേലം അപാകതകൾ

2023-24 വർഷത്തേക്കു നടന്ന ലേലവുമായി ബന്ധപ്പെട്ട ലേല ഡയറി,ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു .

**1.ലേലതുക മുഴുവനായി ഈടാക്കിയില്ല. അവശേഷിക്കുന്ന തുക കടിശ്ശികയിൽ ഉൾപ്പെടുത്തിയില്ല**

ഒറവിൽ സബ്സെന്റർ പൊളിച്ചുമാറ്റുന്നതിനുള്ള അവകാശം 4.10.23ന് ലേലം ചെയ്തതിൽ 17 പേർ പങ്കെടുത്തിട്ടുണ്ട്. ലേലം വിളി എത്ര രൂപയിൽ ആരംഭിച്ചെന്നോ ലേലത്തിൽ പങ്കെടുത്തവർ എത്ര രൂപയ്ക്ക് ലേലം വിളിച്ചു തുടങ്ങിയെന്നോ ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് 16.10.23 ന് ലേലം ചെയ്തതിൽ 15 പേർ പങ്കെടുത്തിട്ടുണ്ട്. 5000/-രൂപയിൽ ആരംഭിച്ച് 8700/-രൂപ ലേലം കൊണ്ട ശ്രീ ഭരതൻ കോറോത്തിന്റെ ലേലം 16.10.23 ലെ 311ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ലേല രജിസ്റ്റർ പരിശോധിച്ചതിൽ 5000/-രൂപ 13.10.23ന് അടവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 3700 രൂപയും ജി.എസ്.ടിയും അടവാക്കുന്നതിനും സബ്സെന്റർ പൊളിച്ചു നീക്കം ചെയ്യാത്തപക്ഷം പുനർലേലം നടത്തുന്നതാണെന്നും അറിയിച്ചുകൊണ്ട് 7.11.23ന് ടിയാന് കത്ത് നൽകിയിട്ടുണ്ട്. തുടർന്നും ശേഷിക്കുന്ന തുക അടവു വന്നിട്ടില്ല. എന്നാൽ ഇത് കടിശ്ശികയായി ലേല രജിസ്റ്ററിലും വാർഷിക കണക്കിലും ഉൾപ്പെടുത്താതെ 5000/-രൂപയ്ക്ക് ലേലം കൊണ്ടതായും ആയത് മുഴുവൻ ഈടാക്കിയതായുമാണ് രേഖപ്പെടുത്തിയത്. ലേല തുക മുഴുവൻ അടവു വരാത്തതിനെ തുടർന്ന് പുനർലേലം നടത്തിയിട്ടില്ല.

**2.ലേല വസ്തുക്കൾ ലേലം ചെയ്യുന്നതിനു മുന്നേ അളന്ന് തിട്ടപ്പെടുത്തിയില്ല .**

കമ്മ്യൂണിറ്റി ഹാളിന്റെ നവീകരണത്തിന്റെ ഭാഗമായി ഉപയോഗശൂന്യമായ പൊട്ടിയ പ്ലാസ്റ്റിക് കസേര, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ 2.3.23 ന് ലേലം നടത്തിയെങ്കിലും ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ 18.3.23 ന് ലേലം / ക്വട്ടേഷൻ നടത്തിയിട്ടുണ്ട്. ക്വട്ടേഷനുകൾ 18.3.23 പകൽ 10.30 മണി വരെ സമർപ്പിക്കാവുന്നതാണെന്നും പുനർലേല നോട്ടീസിൽ അറിയിച്ചിട്ടുണ്ട്. ശ്രീ ശ്രീധരൻ എന്നിവർ ലഭ്യമാക്കിയ ക്വട്ടേഷനിൽ കസേര ഒന്നിന് ജി.എസ്.ടി ഉൾപ്പടെ 55 രൂപ തോതിലും പൊട്ടിയ കസേര കിലോയ്ക്ക് 18 രൂപ തോതിലും എടുക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന് ഭരണസമിതി 10.4.23 ലെ 123-ാം നമ്പർ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട് .

ലേലം ഉറപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലേലം കൊണ്ട വ്യക്തി ചുവടെ ചേർക്കും പ്ലാസ്റ്റിക്കുകൾ ഏറ്റെടുത്തിട്ടുണ്ട് .

| ഇനം | എണ്ണം |
|---|---|
| കസേര | 105 Nos |
| പ്ലാസ്റ്റിക് വേസ്ററ് | 190 Kg |

മേൽ പ്രകാരമുള്ള സാധനങ്ങളുടെ എണ്ണം/ തൂക്കം എന്നിവ ലേലം കൊണ്ട വ്യക്തി ലഭ്യമാക്കിയ കണക്കാണ്,ആയത് ക്ഷമതയുള്ള ഉദ്യോഗസ്ഥർ ആരും തന്നെ അളന്ന് തിട്ടപ്പെടുത്താതെയാണ് സാധനങ്ങൾ കൈമാറിയത് .

**3. കന്നൂര് സബ്സെന്റർ നിർമ്മാണം- മണ്ണ് നീക്കം ചെയ്യുന്നതിന് പഞ്ചായത്തിന് അധിക ചെലവ്**

കന്നൂര് സബ്സെന്റർ നിർമ്മാണം പ്രവൃത്തി നടപ്പാക്കുന്നതിന് 1 മീറ്റർ ആഴത്തിൽ മണ്ണ് കഴിച്ചെടുക്കേണ്ടതുണ്ട്. പ്രസ്തുത മണ്ണ് സ്റ്റാക്ക് ചെയ്യുന്നതിനുള്ള സൌകര്യം ലഭ്യമല്ലാത്തതിനാൽ മണ്ണ് കട്ട് ചെയ്യുന്ന മുറക്ക് ഏറ്റെടുത്ത് നീക്കം ചെയ്ത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എൽ എസ് ജി ഡി എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട് .ആയതിന്റെ അടിസ്ഥാനത്തിൽ DSR-2018 പ്രകാരം GST ഉൾപ്പെടെ M3 ന് 248.83 രൂപ മണ്ണിന് അടിസ്ഥാന നിരക്കായി നിജപ്പെടുത്തി എത്രയും പെട്ടെന്ന് ലേല നടപടികൾ ആരംഭിക്കാൻ ഭരണസമിതി 7.2.23 ലെ 40(8)/2023 നമ്പർ പ്രകാരം തീരുമാനിച്ചു.

27.2.23 ന് ലേലം നടന്നെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല . ലേലം നടത്തുന്നതിന് മുന്നോടിയായി ലേല വിവരം അറിയിച്ചുകൊണ്ടുള്ള നോട്ടീസ് ഫയലിൽ ഇല്ല. (10.3.23 ന് നടക്കുന്ന വിവിധ ലേലങ്ങളെക്കുറിച്ച് 25.2.23ലെ ദേശാഭിമാനിയിൽ പരസ്യപ്പെടുത്തിയെങ്കിലും, കന്നൂര് സബ്സെന്റർ നിർമ്മാണം- മണ്ണ് നീക്കം ചെയ്യുന്നത് ലേലം ചെയ്യുന്നത് പരസ്യപ്പെടുത്തിയിട്ടില്ല )

തുടർന്ന് 18.3.23 ന് ലേലം നടക്കുന്നത് അറിയിച്ചുകൊണ്ടുള്ള നോട്ടീസ് ഫയലിൽ ഉണ്ട്. അന്നത്തെ ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല. പിന്നീട് 5.4.23 ന് ലേലം/ ക്വട്ടേഷൻ നടത്തിയിട്ടുണ്ട് അന്നത്തെ ലേലത്തിലും ആരും പങ്കെടുത്തിട്ടില്ല . തുടർന്ന് മണ്ണ് മാറ്റുന്നതിന് വേണ്ടി ശ്രീ അനീഷ് കുമാർ കൊമ്മോട്ട് മീത്തൽ 14.6.23 ന് സമർപ്പിച്ച കത്ത് ഭരണസമിതി പരിഗണിച്ചു. 27/02/2023, 18/03/2023 തിയ്യതികളിൽ രണ്ട് തവണ ലേലവും , 05/04/2023 തിയ്യതി 1 തവണ ക്വട്ടേഷനും നടത്തിയിട്ടും ആരും പങ്കെടുക്കാത്തതിനാൽ, അനീഷ് കുമാർ എന്നവരുടെ അപേക്ഷ പരിഗണിച്ച് അപേക്ഷ പ്രകാരം $M^3$ ന് 100 രൂപ വില നിശ്ചയിക്കുകയും എടുത്ത് മാറ്റേണ്ട മണ്ണിന്റെ അളവ് സംബന്ധിച്ച് അസി. എഞ്ചിനീയറുടെ

റിപ്പോർട്ട് പ്രകാരം മണ്ണ് നീക്കം ചെയ്യുന്നതിന് 12.6.23 ലെ 181 (2)/23 നമ്പർ പ്രകാരം ഭരണസമിതി അനുമതി നല്കുകയും ചെയ്തു.

450 $M^3$ മണ്ണിന്റെ വിലയായ 45,000/-രൂപയും ജി.എസ്.ടി യും പഞ്ചായത്തിൽ അടവാക്കാനും അല്ലാത്തപക്ഷം പുനർക്വട്ടേഷൻ നടത്തുന്നതാണെന്നും അറിയിച്ചുകൊണ്ട് ശ്രീ.അനീഷ് കുമാറിന് 22.8.23 ന് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട് . തുടർന്നും പണം അടവാക്കിയില്ലെങ്കിൽ 18.9.23 ന് പുനർക്വട്ടേഷൻ നടക്കുമെന്ന് അറിയിച്ചുകൊണ്ടുള്ള നോട്ടീസ് ഫയലിൽ ഉണ്ട്.

തുക അടവാക്കാത്തതിനാൽ പുനർ ക്വട്ടേഷൻ ക്ഷണിച്ചതിൽ, മണ്ണ് എടുത്ത് മാറ്റുന്നതിന് ക്യൂബിക് മീറ്ററിന് 50/-രൂപ നിരക്കിൽ ഭാരത് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും 52/-രൂപ നിരക്കിൽ ശ്രീ അനീഷ് കുമാറും സമർപ്പിച്ച ക്വട്ടേഷൻ ഫയലിൽ ഉണ്ട് .

23/09/2023 ലെ 280(1)/20 നമ്പർ തീരുമാന പ്രകാരം ക്യൂബിക് മീറ്ററിന് 52 രേഖപ്പെടുത്തിയ ശ്രീ അനീഷ് കുമാർ എന്നവരുടെ ക്വട്ടേഷൻ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് .

മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭ്യമായതിന്റെ വിവരം ഫയലിൽ ഇല്ല .

മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ അനീഷ് കുമാർ ക്യൂബിക് മീറ്ററിന് 52 രൂപ തോതിൽ 450 ക്യൂബിക് മീറ്ററിന്റെ വിലയായ 23400/- രൂപയും ജി.എസ്.ടി തുകയായ 4212 /-രൂപയും 25.9.23ന് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു .

1) ആദ്യ ലേലത്തിൽ $M^3$ ന് 100 രൂപ വില നിശ്ചയിച്ച് മണ്ണ് ഏറ്റെടുക്കാമെന്ന് ഉറപ്പിച്ച ശ്രീ അനീഷ് കുമാർ തുക അടവാക്കാതിരുന്നിട്ടും തുടർന്നുള്ള ലേലത്തിൽ / ക്വട്ടേഷനിൽ ഇയാളെ പങ്കെടുപ്പിക്കുകയും ടിയാൾക്ക് തന്നെ $M^3$ന് 52/- രൂപ നിരക്കിൽ അനുമതി നൽകുകയും ചെയ്തു.

2) 52 /-രൂപ നിരക്കിൽ 450 ക്യൂബിക് മീറ്ററിന്റെ വിലയായ 23400/ രൂപ ശ്രീ അനീഷ് കുമാർ അടവാക്കിയിതിന് 12600 /-രൂപ പഞ്ചായത്തിന്റെ പണം ഉപയോഗിച്ച് 36000/-രൂപ ജിയോളജി വകുപ്പിൽ അടവാക്കി. അതു വഴി മണ്ണ് എടുത്തു മാറ്റുന്നതിന് പഞ്ചായത്തിന് 12600 /-രൂപയുടെ അധിക ചെലവ് ഉണ്ടായി.

3) ലേലത്തിന് ആവശ്യമായ പ്രചരണം നൽകിയില്ല . പഞ്ചായത്ത് ഓഫീസിലും വില്ലേജ് ഓഫീസുകളിലും 7 ദിവസത്തേക്ക് ലേല നോട്ടീസ് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നിരിക്കേ ലേല നോട്ടീസ് എവിടെയെല്ലാം പ്രസിദ്ധപ്പെടുത്തി എന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രം ഫയലിൽ ഇല്ല. പഞ്ചായത്തിൽ നടക്കുന്ന മറ്റു ലേലങ്ങളുടെ വിവരം പത്രത്തിൽ പരസ്യപ്പെടുത്തിയെങ്കിലും മണ്ണ് നീക്കം ചെയ്യുന്നത് പത്രത്തിൽ പരസ്യപ്പെടുത്തിയില്ല .

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് .

## 1-14 വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം - ടെണ്ടറിൽ നിരക്ക് രേഖപ്പെടുത്തിയതിൽ അവ്യക്തത - മറ്റ് അപാകതകൾ

പ്രൊജക്ട് നമ്പർ : 107/24

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 19,99,151/- ( 16,54,873/-തനതു ഫണ്ട്
3,44,278/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ/തിയതി |
|---|---|
| 8,55,722 | 103/04.10.23 (തനതു ഫണ്ട് ) |
| 3,44,278 | 207/05.12.23 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |

വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 06.03.23 ലെ സർക്കാർ ഉത്തരവ് (സാധാ)564/2023/ത.സ്വ.ഭ.വ. പ്രകാരം 2023 വർഷത്തിൽ മാർച്ച് മാസം മുതൽ മെയ് മാസം വരെയും 02.06.23 ലെ സ.ഇ(സാധാ)നം.1153/2023/LSGD ഉത്തരവ് പ്രകാരം ജൂൺ മാസം മുതൽ മഴ ലഭിക്കുന്നതു വരെയും കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. കുടിവെള്ളം ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്നതിനായി കുറഞ്ഞ നിരക്കിൽ വാഹനം ഓടുന്നതിനായി 04.04.23 ന് ടെണ്ടർ ക്ഷണിച്ചതിൽ (25.03.23 ലെ എസ്.സി.2- 1815/23 നമ്പർ ടെണ്ടർ പരസ്യം) ശ്രീ.പ്രദീപൻ തറോൽ എന്നയാൾ കിലോമീറ്ററിന് 59/- രൂപ നിരക്കിൽ ടെണ്ടർ സമർപ്പിച്ചു. ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ മേൽ നമ്പറിലുള്ള ടെണ്ടർ പരസ്യം പ്രകാരം 13.04.23 ന് റീ ടെണ്ടർ ക്ഷണിച്ചു. ഇതിൽ ശ്രീ. ശശിധരൻ ചാലൂർ എന്നവർ കിലോമീറ്ററിന് 132/- രൂപ നിരക്കിലും, ശ്രീ മജീദ്.കെടി,

ഹിൽനെസ്സ് എന്റർപ്രൈസസ് എന്നവർ കിലോമീറ്ററിന് 125/- രൂപ നിരക്കിലും, ശ്രീ.പ്രദീപൻ തറോൽ എന്നയാൾ കിലോമീറ്ററിന് 58/- രൂപ നിരക്കിലും ടെണ്ടർ സമർപ്പിച്ചു. എന്നാൽ കുറഞ്ഞ നിരക്കിൽ (കിലോമീറ്ററിന് 58/-) ക്വാട്ട് ചെയ്ത ശ്രീ.പ്രദീപൻ തറോൽ എന്നയാളുടെ ടെണ്ടർ ഫോമിൽ മാത്രം ക്വാട്ട് ചെയ്ത നിരക്കിന്റെ ബ്രാക്കറ്റിലായി 'Up And Down ' എന്ന് കൂട്ടതലായി എഴുതി ചേർക്കുകയും 116/- രൂപ എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു കിലോമീറ്റർ വാഹനം ഓടുന്നതിനുള്ള നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത് എന്നതിനാലും, ജി.പി.എസ് പ്രകാരം വാഹനം ഓടിയതിന്റെ ആകെ കിലോമീറ്ററിനെ അടിസ്ഥാനപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിക്കേണ്ടത് എന്നതിനാലും ടെണ്ടറിൽ 'Up And Down ' എന്ന് രേഖപ്പെടുത്തിയതിന്റെ മാനദണ്ഡം വ്യക്തമല്ല. മാത്രമല്ല ടിയാൻ 4.4.23 ന് ആദ്യം സമർപ്പിച്ച ടെണ്ടറിൽ കിലോമീറ്ററിന് 59/- രൂപ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ഇത്തരത്തിൽ 'Up And Down ' എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 04.10.23 ൽ എസ്.സി2-6822/23 നമ്പറായി ജോയിന്റ് ഡയറക്ടർ, സ.സ്വ.ഭ.വ യ്ക്ക് അയച്ച കത്തിൽ, ഏപ്രിൽ 15 മുതൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരന്റെ അപേക്ഷ പ്രകാരവും ജി.പി.എസ് റിപ്പോർട്ട് പ്രകാരവും 1654873/- രൂപ കരാറുകാരന് അനുവദിക്കാനുള്ളതായും സർക്കാർ അംഗീകാരമുള്ള 12,00,000/- അനുവദിക്കുന്നതായും ശേഷിക്കുന്ന തുകയ്ക്കുള്ള സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ് എന്നും പരാമർശിക്കുന്നുണ്ട്. ആയത് അനുസരിച്ച് സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം 12,00,000/- രൂപയിൽ പരിമിതപ്പെടുത്തി കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ കരാറുകാരൻ, KL-07BF-1349, KL-56A-7653, KL-56K-1830, KL-77- 1646 എന്നീ വാഹനങ്ങളാണ് ഉപയോഗിക്കുന്നത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതൊക്കെ സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തു എന്നതിന്റെ ഡീറ്റെയിൽഡ് ജി.പി.എസ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. വാഹനം ഓടിയതിന്റെ ജി.പി.എസ് റിപ്പോർട്ട് പ്രകാരം KL-07BF-1349 എന്ന വാഹനം 8464.12 കി.മീറ്ററും, KL-56K-1830 എന്ന വാഹനം 6962.54 കി.മീറ്ററും KL-77- 1646 എന്ന വാഹനം 5816.15 കി.മീറ്ററും ഉൾപ്പടെ ആകെ മൂന്ന് വാഹനങ്ങൾ 21242 കി.മീറ്റർ ഓടിയതിന്റെ വിശദാംശങ്ങളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 15.04.2023 മുതൽ 30.06.23 വരെ KL-7BF-1349, KL-56A-7653, KL-56K-1830, KL-77-1646 എന്നീ വാഹനങ്ങളിലായി കുടിവെള്ളം വിതരണം ചെയ്തതിന് കിലോമീറ്ററിന് 116/- രൂപ നിരക്കിൽ ആകെ 28532.31 കി.മീറ്ററിന് 1654873/- രൂപ അനുവദിക്കണമെന്നാണ് കരാറുകാരൻ 13.09.23 ലെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത്. (കി.മീറ്ററും നിരക്കും അടിസ്ഥാനപ്പെടുത്തിയാൽ ഈ തുകയല്ല ലഭിക്കുക.) യഥാർത്ഥത്തിൽ വാഹനം ഈ ആവശ്യത്തിന് ഓടിയ കിലോമീറ്ററിന്റെ കണക്ക് പഞ്ചായത്തിന്റെ പക്കൽ ഇല്ല. തുക അനുവദിച്ചപ്പോഴും ആകെ കി.മീറ്റർ കാൽക്കുലേറ്റ് ചെയ്തിട്ടില്ല. അതായത് കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 12,00,000/- രൂപയിൽ പരിമിതപ്പെടുത്തി തുക നൽകുകയാണുണ്ടായത്. മാത്രമല്ല കരാറുകാരൻ അപേക്ഷയിൽ സൂചിപ്പിച്ച പ്രകാരം KL-56A-7653 എന്ന വാഹനം ഈ ആവശ്യത്തിന് ഓടിയതായി ഫയലിൽ രേഖപ്പെടുത്തലുകളില്ല. ആയതിനാൽ കിലോ മീറ്റർ അടിസ്ഥാനപ്പെടുത്തി നൽകിയ തുക, വാഹനങ്ങൾ യഥാർത്ഥത്തിൽ ഈ ആവശ്യത്തിന് ഉപയോഗിച്ചതാണോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

3. കുടിവെള്ള വിതരണത്തിന്റെ നിബന്ധനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് കരാറുകാരനുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. മാത്രമല്ല ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരെ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തിയിട്ടുമില്ല. മേൽ കാലയളവിൽ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ടെന്ന വാർഡ് മെമ്പർമാരുടെ റിപ്പോർട്ട് മാത്രമാണ് ഇത് സംബന്ധിച്ച് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്.

4. <u>കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീക്ലപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.</u>

കേരള പഞ്ചായത്ത്രാജ് നിയമം 166 വകുപ്പ് പട്ടിക 3 പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്ലപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്ലപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

**<u>5 ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണംനടത്തി.</u>**

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ

നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവെള്ളം വിതരണം/ വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവെള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ.ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാർ കുടിവെള്ള വിതരണം നടത്തുന്നതിനായി KL-78F-1349, KL-56A-7653, KL-56K-1830, KL-77-1646 എന്നീ വാഹനങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശോധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 12,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജി.പി.എസ് അടിസ്ഥാനമാക്കി വാഹനം യഥാർത്ഥത്തിൽ ഈ ആവശ്യത്തിനായി ഓടിയ ആകെ കിലോ മീറ്ററിന്റെ വിശദാംശം, കിലോ മീറ്ററിന് നൽകിയ നിരക്ക്, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-15 പി.എം. എ .വൈ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം 46/23-24

ബിൽനം /തുക 79/19-8 -23 .70000

83/22.8.23 .70000

465/24.3.24 .70000

ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തികവർഷത്തിൽമേൽ സൂചിപ്പിച്ച പ്രൊജക്ട് പ്രകാരം പി.എം.എ.വൈ വിഹിതം ബാലുശ്ശേരി ബ്ളോക്കിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കൈമാറിയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമല്ല. ചെലവ് തുക 2,10,000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു

## 1-16 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവ് തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 55/24 | തുടർസാക്ഷരത S.S.L.C , + 2 തുല്യത കോഴ്സ് ഫീ അടവാക്കൽ | 42450 - വികസന ഫണ്ട്, പൊതുവിഭാഗം | സാക്ഷരത മിഷൻ ബിൽ നം. 405/24.3.24 ബിൽ നം.406/ 24.3.24 |
| | | | | |

| | | | | |
|---|---|---|---|---|
| 2 | 51/24 | എസ്സ്.എസ്സ്.കെ വിഹിതം നൽകൽ | 500,000 – വികസന ഫണ്ട്, പൊതുവിഭാഗം | പ്രോജക്റ്റ് ഡയറക്ടർ, എസ്സ്.എസ്സ്.കെ ബിൽ നമ്പർ – 55/23-24 തീയതി 25.7.2023 |

ഇതിൽ ക്രമനം.2ലെ എസ്സ്.എസ്സ്.കെ വിഹിതം നൽകൽ പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ സ.ഉ(കൈ) നം.84/2022/ത.സ്വ.ഭ.വ .തി.19.4.22 ഖ.8.6 (3) പ്രകാരം പ്രൊജക്റ്റിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയഭരണ സ്ഥാപനത്തിന്റെ പൂർണ്ണപങ്കാളിത്തത്തോടെയായിരിക്കണം. ഖ(4) പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ സമഗ്രശിക്ഷാകേരളം പ്രൊജക്റ്റിനു നൽകുന്ന തുകയുടെ വിനിയോഗം ,ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശ ഭരണ സ്ഥാപനങ്ങളെ എസ്സ്.എസ്സ്.കെ പ്രൊജക്റ്റ് ഓഫീസർ അറിയിക്കണം .

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ചെലവ് തുക 5,42,450 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-17 തെരുവ് വിളക്ക് സ്ഥാപിക്കൽ – കൃത്യമായ കണക്കില്ല

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തൻവർഷം നടപ്പാക്കിയ പ്രൊജക്റ്റുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

I)

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 23/23-24 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 14,95,000 തനതു ഫണ്ട് |
| ചെലവു തുക 14,94,985 | ബിൽ പ്രൊസീഡിങ്സ് നമ്പർ 190/29.11.23(തനതു ഫണ്ട് ) |

II)

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 149/23-24 (Spill Over) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 4,95,000 തനതു ഫണ്ട് |
| ചെലവു തുക 4,93,188 | ബിൽ പ്രൊസീഡിങ്സ് നമ്പർ 22/14.06.23 (വികസന ഫണ്ട് ജനറൽ) |

മേൽ പദ്ധതികൾ നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്രമ നമ്പർ I പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതാണ് പ്രൊജക്റ്റ്. വാർഡ് 4 ന് 5 ലക്ഷം, വാർഡ് 8 ന് 3 ലക്ഷം, വാർഡ് 18 ന് 2 ലക്ഷം, ശേഷിക്കുന്ന തുക 16 വാർഡുകൾക്കും തുല്യമായി ചെലവഴിച്ച് നിർവ്വഹണം നടത്തുന്നതിനാണ് പ്രൊജക്റ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. ഒരോ വാർഡുകളിലെയും സ്ട്രീറ്റ് ലൈറ്റിന്റെ ആവശ്യകതയ്ക്കനുസരിച്ച് പദ്ധതി രൂപീകരിക്കുന്നതിനു പകരം ഇങ്ങനെ ഓരോ വാർഡുകൾക്കും പ്രത്യേകം തുക വയിരുത്തി പദ്ധതി നടപ്പാക്കിയതിന്റെ ഉദ്ദേശ്യം വ്യക്തമല്ല.

2. ക്രമ നമ്പർ II പ്രകാരമുള്ള പ്രവൃത്തി ഏറ്റെടുത്ത് നേരിട്ട് നടപ്പാക്കിയത് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനമാണ്. ജി.ഒ.(പി)104/22 തിയതി 07.11.22 നമ്പർ ഉത്തരവ് പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് പി.എം.സി ആയി പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള അനുമതിയാണ് ഉള്ളത്. ഉത്തരവിനു വിരുദ്ധമായി നേരിട്ട് നടപ്പാക്കിയത് സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾക്ക് എതിരാണ്. ബാധകമാക്കിയ സർക്കാർ അനുമതി ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. നടുവണ്ണൂർ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ ജോയിന്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഇൻസ്പെക്ഷൻ നടന്ന തിയതി, പങ്കെടുത്ത ഉദ്യോഗസ്ഥർ എന്നിവരുടെ വിവരം എന്നിവ ലഭ്യമല്ല. റിപ്പോർട്ട് പ്രകാരം 700 ബൾബുകളുടെ വിവരം ലിസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും ഓരോ ബൾബും വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിച്ചതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ഒപ്പും രേഖപ്പെടുത്തിയിട്ടില്ല.

4. വർഷാവർഷം ലക്ഷക്കണക്കിന് രൂപയുടെ സ്ട്രീറ്റ് ലൈറ്റുകൾക്കുള്ള പദ്ധതി നടപ്പാക്കുന്നുണ്ടെങ്കിലും ഓരോ വാർഡിലും ഉള്ള തെരുവ് വിളക്കുകളുടെ വിശദ വിവരം ഇതിനായുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഓരോ വാർഡിലും കത്താത്ത ബൾബുകളുടെ അടിസ്ഥാനത്തിൽ കണക്കുകൾ തയ്യാറാക്കി ആയതിനനുസരിച്ചാണ് പ്രൊജക്റ്റ് രൂപീകരിക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള കണക്കുകൾ തയ്യാറാക്കാതെ നിശ്ചിത തുകയ്ക്ക് എല്ലാ വർഷവും പ്രൊജക്റ്റ് വെയ്ക്കുകയാണ് ചെയ്യുന്നത്. ഏറ്റെടുക്കുന്ന സ്ഥാപനത്തിന് എവിടെയെല്ലാം സ്ഥാപിക്കണം എന്ന നിർദ്ദേശവും നൽകി കാണുന്നില്ല. വിവരങ്ങളില്ലാതെ എന്ത് അടിസ്ഥാനപ്പെടുത്തിയാണ് നിർവ്വഹണ ഏജൻസി പ്രൊജക്റ്റ് നടപ്പാക്കുന്നത് എന്നും വ്യക്തമല്ല. ക്രമ നമ്പർ I, II എന്നിവ പ്രകാരം യഥാക്രമം 441, 154 ബൾബുകളുടെ ക്യാഷ് ബില്ല് സ്ഥാപനങ്ങൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുണ്ടെങ്കിലും ആയവ സ്ഥാപിച്ച സ്ഥലം വ്യക്തമാക്കിയിട്ടില്ല.

നിലവിലുള്ള സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ 19 വാർഡുകളിലായി 340 ബൾബുകൾ വാർഡ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിൽ വാർഡ് 1, 4 എന്നിവയിലെ ഒരു ബൾബൊഴികെ മറ്റ് വാർഡുകളിലേത് ഒന്നും കത്തുന്നില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ സ്ഥാപിച്ച തെരുവ് വിളക്കുകൾ എല്ലാം കത്താത്തത് ആണെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് എതിരേ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണെങ്കിലും ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല. കത്താത്ത തെരുവ് വിളക്കിന്റെ വിശദാംശം രേഖപ്പെടുത്താൻ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. ക്രമ നമ്പർ I പ്രകാരം ട്രൈപാർട്ടി എഗ്രിമെന്റ് വ്യവസ്ഥയിൽ മൈക്രോടെക്ക് എന്ന സ്ഥാപനമാണ് പ്രവൃത്തി നിർവ്വഹണം നടത്തിയത്. മെമ്മോ ഓഫ് പെയ്മെന്റ് പ്രകാരം പ്രസ്തുത സ്ഥാപനത്തിന് നൽകേണ്ട തുകയിൽ നിന്നും 11785.46/- രൂപ വീതം GST,ഇനത്തിലും KCWWF ഇനത്തിലും കുറവ് ചെയ്ത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ തുക നൽകിയപ്പോൾ മേൽ റിക്കവറി തുകകൾ കുറവ് ചെയ്തില്ല.

അപാകതൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 19,88,173/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിലവിലുള്ള തെരുവ് വിളക്കുകളുടെ വിശദാംശം പൂർണ്ണമായും രേഖപ്പെടുത്തിയ രജിസ്റ്ററും മേൽ പദ്ധതി പ്രകാരം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങളും മറ്റ് അപാകതകൾക്ക് മറുപടിയും ലഭ്യമാക്കേണ്ടതാണ്.

## 1-18 വിവിധ കടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ റെയിഡ്കോയ്ക്ക് അധികനിരക്ക് നൽകി

നിർവ്വഹണം സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ 161/23, 156/24

അടങ്കൽ 18,71,200/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് തുക ബിൽ സാങ്ഷൻ നമ്പർ/ തിയതി

13,01,503 319/30.03.23(22-23)

1,54,444 157/07.11.23(23-24)

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ കടിവെള്ള പദ്ധതികൾക്കും ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള വിവിധ സ്ഥലങ്ങൾ/സ്ഥാപനങ്ങൾ എന്നിവയിലും മോട്ടോറും അനുബന്ധ സാധനങ്ങളും സ്ഥാപിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. 2022-23 വർഷത്തെ സ്പിൽ ഓവർ ആയി രൂപീകരിച്ച

പദ്ധതിയിൽ 13,01,503 /- രൂപ 2022-23 വർഷവും 1,54,444/- രൂപ 2023-24 വർഷവും റെയ്ഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്ത് മോട്ടോറുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോയെ നേരിട്ട് ഏല്പിക്കുകയും അവർ സമർപ്പിച്ച കാഷ് ഇൻവോയ്സ് പ്രകാരം തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>1. ഇൻസ്റ്റലേഷൻ ചാർജിനത്തിൽ വൻ തുക റെയ്ഡ്കോയ്ക്ക് നൽകി.</u>**

മോട്ടോർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോറിന്റെയും അനുബന്ധ സാധങ്ങളുടെയും വിലയിനത്തിലും ഇൻസ്റ്റലേഷൻ ചാർജിനത്തിലും റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | മോട്ടോറിന്റെയും അനുബന്ധ സാധങ്ങളുടെയും വിലയിനത്തിൽ റെയ്ഡ്കോയ്ക്ക് നൽകിയ തുക | ഇൻസ്റ്റലേഷൻ മറ്റീരിയൽസിന്റെ വിലയിനത്തിൽ നൽകിയ തുക | ജി.എസ്.ടി. ഉൾപ്പടെ ഇൻസ്റ്റലേഷൻ ചാർജിനത്തിൽ നൽകിയ തുക |
|---|---|---|---|---|
| 1 | താന്നിയിൽ മീത്തൽ കടിവെള്ള പദ്ധതി | 220459 | 5310 | 37760 |
| 2 | ഒള്ളൂർ നോർത്ത് അംഗൻവാടി കടിവെള്ള പദ്ധതി | 41842 | 1180 | 6490 |
| 3 | കയപ്പറ്റകടിവെള്ള പദ്ധതി | 224522 | 5310 | 35400 |
| 4 | കാരക്കാട്ടുകന്ന് കടിവെള്ള പദ്ധതി | 224639 | 5310 | 42480 |
| 5 | ഹോമിയോ പെരിഫെറൽ കടിവെള്ള പദ്ധതി | 103387 | 2360 | 20650 |
| 6 | ചമ്മുൻകര കടിവെള്ള പദ്ധതി | 215742 | 5310 | 43660 |
| 7 | ഉള്ള്യേരി ബസ് സ്റ്റാന്റിൽ മോട്ടോർ സ്ഥാപിക്കൽ | 73493 | - | 23600 |
| 8 | ബപ്പറ്റക്കുന്ന് കടിവെള്ള പദ്ധതി | 141538 | 5310 | 34220 |
| 9 | പൊയിൽക്കടവ് കടിവെള്ള പദ്ധതി | 55878 | 2360 | 11210 |
| 10 | കക്കഞ്ചേരി യു.പി. സ്കൂളിൽ മോട്ടോർ സ്ഥാപിക്കൽ | 129320 | 1416 | 23010 |
| 11 | പുത്തഞ്ചേരി സബ്സെന്ററിൽമോട്ടോർ സ്ഥാപിക്കൽ | 25124 | 590 | 5074 |

ആധികാരികതയില്ലാത്തതും വിശദവിവരങ്ങൾ ഉൾക്കൊള്ളാത്തതുമായ നിരക്കുകളാണ് റെയിഡ്കോ ബില്ലിൽ കാണിച്ചിരിക്കുന്നത്. മോട്ടോർ പൊതുവിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ്ഥാപനത്തെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചതു കൊണ്ടാണ് ഇത്തരം അധിക ചെലവുകൾക്ക് ഇടയാക്കിയത് . മേൽ പ്രൊജക്ടുകൾ പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28.5.22 ധനവിനിയോഗ മാർഗ്ഗരേഖ ഖണ്ഡിക 2.20 പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല. മേൽ പ്രവൃത്തികൾക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഓരോയിനത്തിനും റെയ്ഡ്കോ ആവശ്യപ്പെട്ട തുക നൽകുക മാത്രമാണ് ചെയ്തത്. മോട്ടോർ അനുബന്ധ ഉപകരണങ്ങൾ റെയ്ഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**<u>2. ആവശ്യകത വ്യക്തമല്ല</u>**

മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം മോട്ടോർ സ്ഥാപിച്ചത് 7 കടിവെള്ള പദ്ധതികൾക്കും 4 എണ്ണം ഘടക സ്ഥാപനങ്ങളിലേതുമാണ്. മോട്ടോറുകൾ പഴയത് മാറ്റി സ്ഥാപിച്ചതാണോ പുതിയതായി സ്ഥാപിച്ചവയാണോ എന്നത് ഫയലിൽ നിന്നും വ്യക്തമല്ല. റെയ്ഡ്കോയുടെ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകിയതല്ലാതെ ഇവ സ്ഥാപിച്ചതായുള്ള സാക്ഷ്യപത്രം എഞ്ചിനീയറിങ് വിഭാഗത്തിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല മോട്ടോർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കടിവെള്ള പദ്ധതികളുടെ കാര്യത്തിൽ ഗുണഭോക്തൃ സമിതികളോ മറ്റ് സ്ഥാപനങ്ങളുടെ കേസിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ആവശ്യകത ഉന്നയിച്ചതായി കാണുന്നില്ല. ആയതിനാൽ എന്ത് അടിസ്ഥാനത്തിലാണ് 11 കേന്ദ്രങ്ങളിൽ മോട്ടോറുകൾ സ്ഥാപിച്ചത് എന്ന് വ്യക്തമല്ല. മോട്ടോറുകൾ മാറ്റി സ്ഥാപിച്ചതാണെങ്കിൽ പഴയവ എന്തു ചെയ്തു എന്നത് സംബന്ധിച്ചും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

**<u>3) മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.</u>**

മാർഗ്ഗരേഖ പ്രകാരം ജനറൽ വിഭാഗത്തിലെ 50,000/- രൂപയിൽ അധികരിച്ചുവരുന്ന റിപ്പയർ ചെലവുകൾ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുമ്പോൾ ഗുണഭോക്താക്കളുടെ സഹായത്തോടെ മോട്ടോർ സ്ഥാപിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ ഇവിടെ ഗുണഭോക്താക്കളുടെ പങ്കാളിത്തം മോട്ടോർ സ്ഥാപിക്കുന്നതിലുണ്ടായിട്ടില്ല എന്നു കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 14/23-24 തിയതി 02.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 23-24 വർഷത്തെ ചെലവ് തുക 1,54,444/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-19 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല</u>

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഇനങ്ങളിലായി മുൻവർഷങ്ങളിൽ അനുവദിച്ച അഡ്വാൻസുകൾ ഇനിയും ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ടെന്നു കാണുന്നു.

<u>1.ഫെസ്റ്റിവൽ അഡ്വാൻസ്</u>

വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ B-18 പ്രകാരവും പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരവും ചുവടെ കൊടുത്ത വ്യക്തികൾ മുൻവർഷങ്ങളിൽ കൈപ്പറ്റിയ ഫെസ്റ്റിവൽ അഡ്വാൻസ് ഇപ്പോഴും തിരികെ അടവാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | പേര് | തിരിച്ചടയ്ക്കാനുള്ള തുക |
|---|---|---|
| 2011-12 | ശ്രീ.ശ്രീജിത്ത് , സെക്രട്ടറി | 3400 |
| 2012-13 | -------,പി.ടി.എസ് | 800 |

2. 460509901 Advance To Other MGNREGS എന്ന ശീർഷകത്തിൽ 23-24 ൽ അഡ്ജസ്റ്റ് ചെയ്ത അഡ്വാൻസും അവശേഷിക്കുന്ന അഡ്വാൻസും രജിസ്റ്ററിലും Abstract ലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരം | Abstract പ്രകാരം |
|---|---|---|
| അഡ്ജസ്റ്റ് ചെയ്ത തുക | 1922908 | 1921907 |
| അവശേഷിക്കുന്ന അഡ്വാൻസ് | 2684986 | 2685538 |

3. സാക്ഷരതക്കായി കേരള ഗ്രാമീണ ബാങ്കിൽ ഉള്ള 2146 നമ്പർ അക്കൗണ്ടിൽ 59,919/- രൂപ അവശേഷിച്ചിട്ടും Advance To Other Authorised Agencies എന്ന ഹെഡിൽ (പ്രേരക് മാർക്ക് 20-21 & 21-22 വർഷങ്ങളിൽ ഹോണറേറിയം നൽകിയത്) അവശേഷിക്കുന്ന 97920/-രൂപ ഇതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

4. Advance To Implementing Officer എന്ന ഹെഡിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി 21-22 ൽ തനതു ഫണ്ടിൽ നിന്നും 1,90,000/-രൂപ അനുവദിച്ചതിൽ , വാർഡ് 1 നായുള്ള അക്കൗണ്ടിൽ (ചെയർമാന്റേയും കൺവീനറുടേയും പേരിൽ ഉള്ള്യേരി സർവ്വീസ് കോ-ഓ ബാങ്ക് അക്കൗണ്ട് നം 6907ൽ) 10,000/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആയത് തിരികെ ഈടാക്കി തനതു ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ് .

2021-22 ൽ 1,90,000/-രൂപ മഴക്കാല പൂർവ്വ ശുചീകരണത്തിനായി അനുവദിച്ചത് 23-24 വർഷം അഡ്ജസ്റ്റ് ചെയ്തത് പരിശോധിച്ചതിൽ 8-ാം നമ്പർ വാർഡിൽ 1,900/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെന്നു കാണുന്നു. ആയതും തിരികെ ഈടാക്കി തനതുഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ് .

കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം അഡ്വാൻസ് ആയി അനുവദിച്ച തുകകൾ 3 മാസത്തിനകം അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഡെപ്പോസിറ്റ് രജിസ്ററർ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഡെപ്പോസിറ്റ് രജിസ്ററർ പരിശോധിച്ചതിൽ വിവിധ ഡെപ്പോസിറ്റുകൾ അഡ്ജസ്റ്റ് ചെയ്തതും അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നതുമായി രജിസ്റററിൽ രേഖപ്പെടുത്തിയതും Abstract ൽ രേഖപ്പെടുത്തിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു .

| ഇനം | രജിസ്റ്റർ പ്രകാരം | Abstract പ്രകാരം |
|---|---|---|
| Bidders EMD അവശേഷിക്കുന്ന Deposit | 7,58,825 | 8,07,124 |
| Rent Deposit റീഫണ്ട് | 1,00,000 | 1,28,165 |
| Rent Deposit രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് | 23,00,000 | 1,51,835 |
| Contractors Security Deposit | 37,389 | 46,91,604 |
| Supplioers EMD | 92,855 | 92,945 |
| Bidders S.D | 2,10,120 | 1,60,120 |
| Contractors Retension | 2,60,904 | 2,79,575 |
| Auction Deposit | 14,73,000 | 4,21,400 |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് .

## 1-21 ഭവനപദ്ധതികൾ പൂർത്തീകരിക്കാത്തതുസംബന്ധിച്ച്

ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ്(Sc) ചുവടെ ചേർത്തപ്രകാരം ചെലവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം. : 44 /23-24 .

അടങ്കൽ : 5,95,84,378

ചെലവ് തുക : 1,13,35,000

ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് പിരീഡ് വരെ നിർമ്മാണം പൂർത്തിയാക്കിയില്ല.

| ഗുണഭോക്താക്കാവിന്റെ പേര് | കൈപ്പറ്റിയ ഗഡു | അവസാന ഗഡു കൈപ്പറ്റിയ തിയ്യതി |
|---|---|---|
| അശ്വതി. വാർഡ്നം .12 | 40000 | 8.2.2023 |
| സ്മിത. ശ്രീജേഷ്. വാർഡ്നം . 2 | 40000 | 8.3.2023 |
| രാധ. വാർഡ്നം 17 | 40000 | 28.3.2023 |
| കല്ല്യാണി. വാർഡ്നം 3 | 40000 | 18.4.2023 |
| ബബിത. വാർഡ്നം 1 | 40000 | 18.4.2023 |
| ബിന്ദു. വാർഡ്നം 5 | 40000 | 13.2.2024 |

നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരമറിയിക്കേണ്ടതാണ്.

## 1-22 ഹരിതകർമ്മസേനയുടെ പ്രവർത്തനം

കേരള പഞ്ചായത്ത് രാജ് നിയമം 166 (1 )-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുനഃചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2023-24 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ താഴെപറയുന്ന പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണം | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|
| 1 | ഗാർഹികതലത്തിൽ മാലിന്യം തരംതിരിക്കുന്നതിനുള്ള ഉപാധികൾ | വി.ഇ.ഒ | 1,50,000/- | ചെലവില്ല |
| 2 | റിംഗ് കംമ്പോസ് | വി.ഇ.ഒ | 19,50,820/- | 11,41,238 |
| 3 | റിംഗ് കംമ്പോസ്റ്റ് (Sം) | വി.ഇ.ഒ | 4,33,200/- | 4,33,200 |
| 4 | സ്മാർട്ട് ഗാർബേജ് പദ്ധതി | വി.ഇ.ഒ | 3,00,000/- | 2,04,900 |
| 5 | നിർമ്മലം ,സുന്ദരം ഉള്ളിയേരി | വി.ഇ.ഒ | 14,53,600/- | 9,77,856 |

ഉള്ള്യേരി ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ചുള്ള പരിശോധനാ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) <u>അടിസ്ഥാന വിവരങ്ങൾ</u>

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ഹരിതകർമ്മസേനയുടെ അടിസ്ഥാന വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഡുകളുടെ എണ്ണം | 19 |
| | |

| | |
|---|---|
| ആകെ വീടുകൾ | 11078 |
| ആകെ വാസേതര കെട്ടിടങ്ങൾ | 2806 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 37 |
| കൺസോർഷ്യത്തിലെ വിവിധ ആക്ടിവിറ്റി ഗ്രൂപ്പുകളുടെ എണ്ണം | Nil |
| കൺസോർഷ്യത്തിന്റെ ബേങ്ക് അക്കൗണ്ടിൽ 31.3.24ലെ നീക്കിയിരിപ്പ് KGB ,Ulliyeri( 40162101060993) | 1102200 |
| *ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്ന പ്രതിമാസ പരമാവധി വേതനം | 10000 |
| ഫീസ് പിരിവിനായി വീടുകൾ /സ്ഥാപനങ്ങൾ സന്ദർശിക്കുന്ന സമയക്രമം | പ്രതിമാസം |

<u>ഹരിത കർമ്മസേനയുടെ വരുമാനവും ചെലവും</u>

| വർഷം | വരുമാനം | | ചെലവ് |
|---|---|---|---|
| | യൂസർഫീ | സെഗ്രഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | വേതനം |
| 2023-24 | 29,56,673 | 38,495 | 15,98,000 |

<u>എം.സി.എഫ്</u>

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ സൂക്ഷിക്കുന്നതിനായി വാർഡ് - 7, 4 വാർഡുകളിൽ എം.സി.എഫ് ഒരുക്കിയിട്ടുണ്ട്. കൂടാതെ വാർഡ് തലത്തിൽ 12 മിനി എം.സി.എഫും പഞ്ചായത്തിൽ നിലവിലുണ്ട്. 37 അംഗങ്ങൾ ഉള്ള ഹരിതകർമ്മസേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് എംസിഎഫിൽ എത്തിക്കുന്നു, വീടുകളിൽ നിന്നു തന്നെ മാലിന്യങ്ങൾ പ്രാരംഭതലത്തിൽ തരം തിരിക്കുന്നു. തുടർന്ന് എം.സി.എഫിലെത്തിച്ച് വിശദമായി തരം തിരിച്ച് റിജക്ടട് വേസ്റ്റ്, വിൽപ്പന നടത്താൻ സാധിക്കുന്നവ എന്നീ തരത്തിൽ മാറ്റി വിൽപ്പന നടത്താൻ പറ്റുന്നവ ഹരിതകർമ്മസേന തന്നെ വിൽപ്പന നടത്തുന്നു. ഹരിത കർമ്മസേനയ്ക്ക് പ്രവർത്തിക്കാനുള്ള അടിസ്ഥാനസൗകര്യങ്ങൾ പഞ്ചായത്ത് ഒരുക്കി നൽകിയിട്ടുണ്ട്. ഓരോ മാസവും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ അതത് മാസം സെഗ്രിഗേറ്റ് ചെയ്യപ്പെടുന്നുണ്ട്.

<u>നിലവിലെ അവസ്ഥ</u>

പഞ്ചായത്തിൽ 22-23 വർഷം വരെ ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യം മുഴുവൻ വേർതിരിക്കാതെ ഗ്രീൻവേംസിന് കൈമാറുകയും ഹരിതകർമ്മസേനയ്ക്ക് ശമ്പളമായി നിശ്ചിതതുക ഗ്രീൻവേംസ് കൈമാറുകയുമായിരുന്നു ചെയ്തിരുന്നത് . 2023-24 സാമ്പത്തികവർഷം മുതൽ താഴെ പറയുന്ന പ്രകാരമാണ് മാലിന്യശേഖരണം നടത്തുന്നത്.

ഭരണസമിതിയുടെ 9.5.2023 ലെ 150/23നമ്പർ തീരുമാനപ്രകാരം, ഗ്രാമപഞ്ചായത്തിന്റെ അജൈവ മാലിന്യ സംസ്കരണം പദ്ധതി നടപ്പിലാക്കുന്നതിനായി " ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് " എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വെയ്ക്കുന്നതിന് തീരുമാനിക്കുകയും 19.05.2023 തിയ്യതിയിൽ ഇവരുമായി സെക്രട്ടറി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ഒപ്പുവച്ച തിയ്യതി മുതൽ 31.3.24 വരെയാണ് കരാർ

കാലാവധി. പ്രസ്തുത കരാറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ മാലിന്യശേഖരണവും കയ്യൊഴിയലും നടന്നു കൊണ്ടിരിക്കുന്നത്. വീടുകളിൽ നിന്ന് ചാക്ക് ഒന്നിന് 50/- രൂപ നിരക്കിലും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് ചാക്ക് ഒന്നിന് 100/- രൂപ നിരക്കിലും യൂസർ ഫീ ഈടാക്കി ഹരിതകർമ്മസേന മാലിന്യശേഖരണം നടത്തുന്നു. പിരിച്ചെടുക്കുന്ന യൂസർ ഫീ മുഴുവനായി ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേയ്ക്ക് അടവാക്കുകയാണ് ചെയ്യുന്നത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത അളവിലധികമുള്ള മാലിന്യം ശേഖരിക്കേണ്ടി വരികയാണെങ്കിൽ ഓരോ അധിക ചാക്കിനും വീടുകളിൽ നിന്നും 50/- രൂപയും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയും ഈടാക്കുന്നു. ഹരിത കർമ്മസേനയ്ക്ക് ദിവസവേതനമായി 520/- രൂപയാണ് ലഭിക്കുന്നത്. മാലിന്യ ശേഖരണത്തിനുള്ള വാഹനങ്ങളുടെ ഗതാഗതചെലവ് പഞ്ചായത്ത് വഹിക്കുന്നു . മുൻവർഷങ്ങളിലെ അപേക്ഷിച്ച് മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മസേന വില്പന നടത്തുന്നത് വഴി ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്.

<u>മാലിന്യ ശേഖരണ കാര്യക്ഷമത</u>

ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ യൂസർഫീ പിരിച്ചെടുക്കാവുന്ന 1078 വീടുകളും 2806 മറ്റ് കെട്ടിടങ്ങളുമാണ് ഉള്ളത്. ഹരിതമിത്രം ആപ്പ് പഞ്ചായത്തിൽ പ്രവർത്തന സജ്ജമാണ്.

മാലിന്യശേഖരണത്തിനായി ഹരിതകർമ്മസേനയെ 4 ക്ലസ്റ്ററാക്കി തിരിച്ചിട്ടുണ്ട്. രണ്ട് പേരടങ്ങുന്ന 5 ടീമുകൾ വിവിധ വീടുകളിൽ നിന്നും കെട്ടിടങ്ങളിൽ നിന്നുമായി യൂസർ ഫീ പിരിച്ച് മാലിന്യങ്ങൾ ശേഖരിച്ച് ഹരിതകർമ്മസേനയുടെ വാഹനത്തിൽ M.C.F. യിൽ എത്തിച്ച് തരം തിരിച്ച് റിജക്ടട് വേസ്റ്റ് കിലോ 4.45 എന്ന നിരക്കിൽ ഗ്രീൻവേംസിന് കൈമാറുകയാണ് ചെയ്യുന്നത്. ഒരു ദിവസം ഏകദേശം 250 വീടുകളിൽനിന്ന് മാലിന്യം ശേഖരിക്കാൻ ഹരിതകർമ്മസേനയ്ക്ക് സാധിക്കുന്നുണ്ട്. 37 പേരടങ്ങുന്ന ഹരിത കർമ്മസേനയിലെ അംഗങ്ങൾക്ക് മാസത്തിൽ 24 ദിവസമോ അധികമോ ജോലി ലഭിക്കുന്നുണ്ട്

<u>പരിശീലനവും വികസനവും</u>

ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സോഷ്യൽ ഓഡിറ്റ് നടന്നതായി കാണുന്നില്ല. ഇതിനായി ഒരു സോഷ്യൽ ഓഡിറ്റ് ടീമിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ സോഷ്യൽ ഓഡിറ്റ്, ഓഡിറ്റ് കാലയളവ് വരെ നടത്തിയിട്ടില്ല. ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകുന്ന പദ്ധതികൾ വിവിധകാലയളവിൽ നടത്തിയിട്ടുണ്ട്. ഉള്ള്യേരി പഞ്ചായത്തിൽ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി വിളംബര പദയാത്ര, നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനെതിരെ വിവിധ വ്യാപാരിവ്യവസായികളുടെ യോഗം , ഗൃഹസന്ദർശനം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിഗമനവും നിർദ്ദേശങ്ങളും</u>

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക എന്നുള്ളത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166 (1) വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 6 അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഉള്ള്യേരി പഞ്ചായത്തിലെ വീടുകളിൽ നിന്നും, കടകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യം താൽക്കാലികമായി സംഭരിക്കുന്നതിനാവശ്യമായ മിനി എം.സി.എഫ് സൗകര്യം എല്ലാം വാർഡുകളിലും ഒരുക്കേണ്ടതാണ്. യൂസർ ഫീ നൽകാൻ കഴിവില്ലാത്ത വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നിതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച ഹരിതകർമ്മ സേനയ്ക്ക് പരിശീനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്ത നൽകേണ്ടതുമാണ്. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുനഃചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

## <u>1-23 സ്വയംതൊഴിൽ സംരംഭങ്ങൾ നടപ്പാക്കാത്തത് സംബന്ധിച്ച്</u>

ഗ്രാമപഞ്ചായത്തിൽ 23-24 ലെ വി.ഇ.ഒ യുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്വയംതൊഴിൽ സംരംഭം പദ്ധതി 23-24 വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. തുടർവർഷങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 72/23-24 | വനിതാഗ്രൂപ്പിന് സ്വയംതൊഴിൽ സംരംഭം (എസ്സ്.സി) | 250000 |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പിലാവാതെ പോകുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-24 വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ -മണ്ണ് പരിശോധനയും രൂപകൽപ്പനയും അപാകതകൾ

എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ഉള്ള്യേരി പഞ്ചായത്തിൽ കുന്നത്തറ സാംസ്കാരിക നിലയം, ഒറവിൽ സബ്സെന്റർ, കുന്നത്തറ സബ്സെന്റർ, വടക്കേടത്ത് മീത്തൽ അമ്പല മീത്തൽ റോഡ്, നൃഞ്ഞിലിക്കുന്ന് കുടിവെള്ള പദ്ധതി ടാങ്ക് എന്നിവയുടെ നിർമ്മാണത്തിനായി മണ്ണ് പരിശോധനയും രൂപകൽപ്പനയും നടത്തുന്നതിനായി ചിലവ് തുക കൈമാറുന്നതിനാണ് പ്രോജക്റ്റ് .

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള ഉദ്യോഗസ്ഥർ മണ്ണ് പരിശോധനയും രൂപകൽപ്പനയും നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് ബിൽ തുക അനുവദിച്ചത് .

| ബിൽ നമ്പർ , തിയ്യതി | ചെലവ് |
|---|---|
| 316 ,4.3.24 | 1,13,988 |
| 233 , 26.12.23 | 47,200 |
| 230 , 26.12.23 | 1,22,248 |
| 229 ,26.12.23 | 47,200 |
| ആകെ | 3,30,636 |

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു .

1. ഒറവിൽ സബ്സെന്റർ, കുന്നത്തറ സബ്സെന്റർ എന്നിവ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതല്ല .

**2.കൺസൾട്ടൻസി ഫീസ് അനുവദിച്ചതിന് സർക്കാർ നിർദ്ദേശം പാലിച്ചില്ല .**

ജി.ഒ.ആർ.ടി നം 241/14 തി 17.2.14 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ നിരക്കുകൾ പ്രൈസ് - Lsdg യിൽ 56-ാമത് Chapter ആയി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ ഇൻവെസ്റ്റിഗേഷന്റെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് PRICE മുഖാന്തിരമായിരിക്കേണ്ടതും ആർക്കിടെക്ചറൽ, സ്ട്രക്ചറൽ ഡിസൈനിംഗ്, കരട് പ്ലാൻ, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവക്കുള്ള കൺസൾട്ടൻസി ഫീസിന്റെ ആകെ തുക ( 7/08/2014 ലെ G.0 (Rt) No: 2049/2014/LSGD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ) എസ്റ്റിമേറ്റ് തുകയുടെ 2.33 % ൽ കവിയുകയില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ് . എന്നാൽ ഒറവിൽ സബ്സെന്റർ, വടക്കേടത്ത് മീത്തൽ അമ്പല മീത്തൽ റോഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയിസിൽ --സബ്സെന്റർ , സാംസ്കാരിക നിലയം എന്നിവയ്ക്കുള്ള സ്ട്രക്ചറൽ ഡിസൈനിംഗ്, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവയ്ക്കായി 2,44,496/- രൂപയുടെ ബിൽ തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കാതെ എസ്റ്റിമേറ്റ് തുകയുടെ 2.33 % ൽ കവിയാതെയാണ് കൺസൾട്ടൻസി ഫീസ് അനുവദിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല .

കുന്നത്തറ സബ്സെന്റർ, കുന്നത്തറ സാംസ്കാരിക നിലയം എന്നിവയുടെ നിർമ്മാണത്തിനായി മണ്ണ് പരിശോധനയും രൂപകൽപ്പനയും നടത്തിയതിനായി 2,44,496/- രൂപ അടവാക്കിയിട്ടുണ്ടെങ്കിലും കുന്നത്തറ സബ്സെന്ററിന്റെ Soil Investigation Report ലഭ്യമായിട്ടില്ല .

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് .

## 1-25 വിവിധ സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം - തുടർച്ചയായി 3 വർഷം പദ്ധതി വെച്ചിട്ടും പദ്ധതി നടപ്പിലാക്കുന്നില്ല

1958 ലെ കേരള എഡ്യൂക്കേഷൻ ആക്ട് സെക്ഷൻ 5 എ, 1994 ലെ പഞ്ചായത്ത് രാജ് ആക്ട് എന്നിവ പ്രകാരം സംസ്ഥാനത്തെ മുഴുവൻ ഗവ . സ്കൂളുകളുടേയും നടത്തിപ്പ് ചുമതല തദ്ദേ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട് . സ.ഉ.എം.എസ് നം 14/96 തി 18.1.96 സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനം നടത്തേണ്ടത് അതത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ടി ആക്ടിലെ സെക്ഷൻ 34 എ പ്രകാരം സർക്കാർ സ്കൂളുകളുടെ നടത്തിപ്പ് ചുമതലയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രസ്തുത സ്കൂളുകളിൽ ശുദ്ധജലവും ടോയ്ലറ്റ് സൗകര്യവും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ബഹു.സുപ്രീംകോടതിയുടെ 9/8/11 & 18/10/11 എന്നീ തിയ്യതികളിലെ WP(C )No 631/04 വിധിന്യായമനുസരിച്ച് 31/12/2011 ന മുമ്പ് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ശുദ്ധജല ലഭ്യതയും മതിയായ ടോയ്ലറ്റ് സൗകര്യവും ഉറപ്പാക്കാൻ നിർദ്ദേശവുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗവ. സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് ശുദ്ധജല ലഭ്യതയും മതിയായ ടോയ്ലെറ്റ് സൗകര്യവും ലഭ്യമാക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കുമെന്നും ഇതിലേക്കായി മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഉപയോഗിക്കാനും മെയിന്റനൻസ് ഗ്രാന്റ് ലഭ്യമല്ലാത്ത പഞ്ചായത്തുകൾക്ക് വികസനഫണ്ട് ഉപയോഗിക്കാനും സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 23.11.2011 ലെ 1.2.തീരുമാന പ്രകാരം നിർദ്ദേശമുണ്ട് .ഈ തുക മേഖലാ വിഭജനത്തിന് അധീതവുമായിരിക്കും. ഇതു പ്രകാരം ഡിസംബർ 31 ന മുമ്പ് എല്ലാ സ്കൂളുകളിലും സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 23-24 ൽ വിവിധ സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മാണത്തിനായി (പ്രോ.നം.204) 7,00,000/-രൂപ സ്പിൽ ഓവർ പ്രോജക്ടായി വകയിരുത്തിയെങ്കിലും ചെലവ് ഒന്നും തന്നെയില്ല.

2024-25 ലും (പ്രോ നം SO 234) ലും 700000/- രൂപ വകയിരുത്തിയതിൽ ചെലവ് വന്നിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് .

## 1-26 വീട് വാസയോഗ്യമാക്കൽ പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ 23-24 ൽ വി.ഇ.ഓ നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ വന്ന ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നം : 31/23-24. വീട് വാസയോഗ്യമാക്കൽ (SC)

അടങ്കൽ : 1900000

ചെലവ് തുക : 650000

ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് പിരീഡ് വരെ നിർമ്മാണം പൂർത്തിയാക്കിയില്ല.

| ഗുണഭോക്താക്കൾ | കൈപ്പറ്റിയ ഗഡു |
|---|---|
| ജാനു/വാർഡ്.7 | 50000 /7.11.23 |
| ലീല / വാർഡ്. 3 | 50000 /7.11.23 |

പ്രൊജക്റ്റ് നം- 213/23-24. വീട് വാസയോഗ്യമാക്കൽ (SC)

അടങ്കൽ- 250000

ചെലവ് തുക- 179485

| ഗുണഭോക്താക്കൾ | കൈപറ്റിയ ഗഡു |
|---|---|
| സൗമിനി/വാർഡ്. | 50,000 / 1.12.23 |

നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരമറിയിക്കേണ്ടതാണ്ഭ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 സ്ഥിര നിക്ഷേപം മുഴുവൻ പലിശയും ലഭ്യമായതിന്റെ വിവരം ലഭ്യമല്ല

പഞ്ചായത്തിലെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം 2023-24 വർഷം പലിശ ഉൾപ്പടെ 2,78,68,836/- രൂപയുടെ സ്ഥിര നിക്ഷേപം അവശേഷിക്കുന്നുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നിക്ഷേപത്തിന് ബാങ്ക് ഓഫർ ചെയ്ത പലിശ ലഭിച്ചിട്ടില്ല എന്ന് കാണുന്നു .

| ബാങ്ക് | സർട്ടിഫിക്കറ്റ് നമ്പർ | തിയ്യതി | മുതൽ | പലിശ നിരക്ക് | ലഭിക്കേണ്ട പലിശ | ലഭിച്ച പലിശ | കുറവ് |
|---|---|---|---|---|---|---|---|
| ഉള്ള്യേരി പഞ്ചായത്ത് വനിതാ കോ-ഓ സൊസൈറ്റി | 326 | 29.6.23 | 2588619 | 8.25% | 213561 | 207089 | 6472 |
| K.D.C. അത്തോളി | 20132 | 20.4.23 | 1325156 | 6.25% | 82822 | 81798 | 1024 |
| ആകെ കുറവ് | | | | | | | 7496 |
| KDC ബാങ്കിലെ നിക്ഷേപത്തിന് കാലാവധി പൂർത്തിയാവുമ്പോൾ ലഭിക്കേണ്ട 1407978 /-രൂപയ്ക്ക് പകരം 1400119 രൂപ 20.4.23 നും 6835 /രൂപ 26.4.23 നും ലഭിച്ചു . | | | | | | | |

ഒരേ ബാങ്കിലെ നിക്ഷേപങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ പലിശ ലഭ്യമാകുന്നത് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നിലവിലും പ്രസ്തുത അപാകത നിലനിൽക്കുന്നുണ്ട്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും പലിശയിനത്തിൽ നഷ്ടം ഉണ്ടായ തുക ബന്ധപ്പെട്ട ബാങ്കിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 29.08.2024 മുതൽ 07.09.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2023-24 വർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയുടേയും അതിന്റെ ചെലവിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു .

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 38/24. സ്ഥിരം കൃഷിക്ക് ആനുകൂല്യം | 1,00,000 |
| | 4,00,000 | 11/24. ഭിന്നശേഷിവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 4,00,000 |
| | 2,00,000 | 73/24 ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 2,00,000 |
| | | | |

| | | | |
|---|---|---|---|
| | 2,06,000 | 74/24. കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 2,06,000 |
| | 14,00,000 | 44/24. ലൈഫ്ഭവനപദ്ധതി-എസ്സ്.സി | 14,00,000 |
| | 10,60,000 | 45/24. ലൈഫ്ഭവനപദ്ധതി- ജനറൽ | 10,60,000 |
| | | ആകെ | 33,66,000 |
| ജില്ലാ പഞ്ചായത്ത് | 14,30,000 | 45/24. ലൈഫ് ഭവനപദ്ധതി- ജനറൽ | 14,30,000 |
| | 1,00,000 | 73/24 ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 1,00,000 |
| | 1,50,000 | 74/24. കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 1,50,000 |
| | 2,40,000 | 44/24. ലൈഫ് ഭവനപദ്ധതി-എസ്സ്.സി | 2,40,000 |
| | 1,04,000 | 11/24. ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,04,000 |
| | ആകെ | | 20,24,000 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനം/ ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KYIP | പീപ്പിരിക്കാട് പടിക്കൽ താഴെ പൊയിലുങ്കൽ റോഡ് | -- | 5,00,000 | 0 | 5,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | GO(MS)68/ 2018 Dt | 12270000 | 10880559 | 2507161 | | 20643398 |

| പദ്ധതി | :18.05.18 | | | | | |
|---|---|---|---|---|---|---|

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,62,08,118 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 16,60,718 |
| ആകെ | 2,78,68,836 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നമ്പർ / തിയ്യതി | ബാങ്ക് | തുക |
|---|---|---|
| 326 | ഉള്ള്യേരി പഞ്ചായത്ത് വനിതാ കോ-ഓ സൊസൈറ്റി | 27,95,708 |
| 1001051220 | ഉള്ള്യേരി സർവ്വീസ് കോ-ഓ ബാങ്ക് | 93,13,495 |
| 1001051221 | ഉള്ള്യേരി സർവ്വീസ് കോ-ഓ ബാങ്ക് | 15,70,860 |
| 1001051245 | ഉള്ള്യേരി സർവ്വീസ് കോ-ഓ ബാങ്ക് | 2,84,630 |
| 1001047865 | ഉള്ള്യേരി സർവ്വീസ് കോ-ഓ ബാങ്ക് | 55,28,947 |
| 1001047972 | ഉള്ള്യേരി സർവ്വീസ് കോ-ഓ ബാങ്ക് | 24,52,889 |
| 101053125 | ഉള്ള്യേരി സർവ്വീസ് കോ-ഓ ബാങ്ക് | 17,05,905 |
| 1006018075 | KDC ബാങ്ക് ഉള്ള്യേരി | 2,00,000 |
| 100291807520182 | KDC ബാങ്ക് അത്തോളി | 14,00,119 |
| സർട്ടിഫിക്കറ്റ് നമ്പർ വ്യക്തമല്ല | KDC ബാങ്ക് ബാലുശ്ശേരി | 11,54,989 |
| 100131807520099 | KDC ബാങ്ക് പേരാമ്പ്ര | 7,80,261 |
| | | |
| 1521 | ഉള്ള്യേരി പഞ്ചായത്ത് വനിതാ കോ-ഓ സൊസൈറ്റി | 3,15,700 |
| 1728 | ഉള്ള്യേരി പഞ്ചായത്ത് വനിതാ കോ-ഓ സൊസൈറ്റി | 3,62,833 |
| 2853 | ഷെയർ | 2,500 |
| | ആകെ | 2,78,68,836 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ |
|---|---|---|---|---|
| 2021-22 | 1-35 | 3539 | ശ്രീ.വിവേക് വേണുഗോപാൽ, അസി.എഞ്ചിനീയർ | 1230402568,4.11.23 |

| | | | | |
|---|---|---|---|---|
| 2022-23 | 7- | 3000 | ശ്രീ.മുഹമ്മദ് ഷമീർ | 1230401490, 27.7.23 |
| " | 1-8 | 1350 | ശ്രീ.മുഹമ്മദ് ഷമീർ | 1230402141 ,3.10.23 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 8 | 2003-04 | 11.13 - 5-14 | മൈത്രി ഭവന പദ്ധതി : ഉത്തരവാദിത്വം നിറവേറ്റിയില്ല | |
| 2003-04, 2004-05 | 3-2 3-7 | 2006-07 | 3.79.9-4 | തൊഴിൽ യൂണിറ്റുകൾക്ക് ധനസഹായം | പരാമർശം തുടരുന്നു. |
| | | 2015-16 | 4.2.2 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പ്രചരണത്തിന് പ്രാധാന്യം നൽകുന്നില്ല | പരാമർശം തുടരുന്നു. |
| 2014-15 | 2-6 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |
| 2019-20 | 1-21 | 2020-21 | അനുബന്ധം (110) | മെഡിക്കൽ ഓഫീസർ പേയ്മെന്റ്. | പരാമർശം തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,54,12,945 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,73,15,366 |
| വരവിനങ്ങളിലുള്ള നഷ്ടം | 7496 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 56,05,564 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 2-1 | 7496 | ശ്രീമതി രജനി.പി, സെക്രട്ടറി |
| ആകെ | 7496 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 13,17,393 | ശ്രീ. സുനിൽ ഡേവിഡ്, സെക്രട്ടറി. |
| 1-12 | 1,93,104 | ഡോ. വിൻസെന്റ് ജോർജ്, മെഡിക്കൽ ഓഫീസർ. |
| 1-14 | 12,00,000 | ശ്രീ. സുനിൽ ഡേവിഡ്, സെക്രട്ടറി. |
| 1-15 | 2,10,000 | ശ്രീ. ബിജോഷ് എസ്.ഡി, വി.ഇ.ഒ |
| 1-16 | 5,00,000 | ശ്രീ.അരവിന്ദൻ .സി, ഹെഡ് മാസ്റ്റർ |
| | 42,450 | ശ്രീ.ഗണേശൻ .കെ, ഹെഡ് മാസ്റ്റർ |
| 1-17 | 4,93,188 | ശ്രീമതി രജനി.പി, സെക്രട്ടറി |
| | 14,94,985 | ശ്രീ. സുനിൽ ഡേവിഡ്, സെക്രട്ടറി. |
| 1-18 | 1,54,444 | ശ്രീ. സുനിൽ ഡേവിഡ്, സെക്രട്ടറി. |
| ആകെ | 56,05,564 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രജനി.പി, സെക്രട്ടറി | സെക്രട്ടറി ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | വെങ്കാട്ടിൽ വീട് കരുവിശ്ശേരി പോസ്റ്റ് കോഴിക്കോട് 10 |
| ശ്രീ. സുനിൽ ഡേവിഡ്, സെക്രട്ടറി. | സെക്രട്ടറി, | താളിയത്ത് വീട് |

| | | |
|---|---|---|
| | ഉള്ള്യേരി ഗ്രാമപഞ്ചായത്ത് | ഇരവിച്ചിറ നടുവിൽ<br>പതാരം,കുന്നത്തൂർ<br>ശൂരനാട് സൗത്ത് 690522 |
| ഡോ. വിൻസെൻറ് ജോർജ്, മെഡിക്കൽ ഓഫീസർ. | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി | ചിരട്ട വയൽ ഹൗസ്<br>ചക്കിട്ടപ്പാറ പോസ്റ്റ്<br>കായണ്ണ വഴി<br>673526 |
| ശ്രീ. ബിജോഷ് എസ്.ഡി, വി.ഇ.ഒ | വി.ഇ.ഒ, ഉള്ള്യേരി ഗ്രാമപഞ്ചായത്ത് | ചെറുവത്ത്<br>വാകയാട് |
| ശ്രീ.അരവിന്ദൻ .സി, ഹെഡ് മാസ്റ്റർ | റിട്ടയേർഡ് | ചെട്ട്യാംകണ്ടി<br>അരിക്കുളം<br>പിൻ 673620 |
| | | |
| ശ്രീ.ഗണേശൻ .കെ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ | കക്കഞ്ചേരി വീട്<br>കക്കഞ്ചേരി പോസ്റ്റ്<br>പിൻ 673323 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 2001-02 (PLAN) | കെ.എസ്.എ/കെ.കെ.ഡി പി4/1247/21,24.04.2023 | 1 | 8 |
| 2003-04 | കെ.എസ്.എ/കെ.കെ.ഡി പി4/1247/21,24.04.2023 | 1 | 3-2 |
| 2004-05 | കെ.എസ്.എ/കെ.കെ.ഡി പി4/1247/21,24.04.2023 | 1 | 3-7 |

| | | | |
|---|---|---|---|
| 2012-13<br>2013-14 | കെ.എസ്.എ/കെ.കെ.ഡി<br>പി4/1247/21,24.04.2023 | 5 | 2-1, 3-2, 3-3, 3-4, 3-6 |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി<br>പി4/1247/21,24.04.2023 | 1 | 2-6(1,2),3-6 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി<br>പി4/1247/21,24.04.2023 | 4 | 2-2, 2-6,<br>3-11, 3-15 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി<br>പി 4/1247/21,24.04.2023 | 8 | 2-1 (2),2-2,3-1(3,4),<br>3-2, 3-3, 3-4, 3-7, 3-9 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി<br>പി 4/1247/21,24.04.2023 | 6 | 1-5,1-6,1-7, 1-22, 1-23,<br>1-32 |
| 2019-20 | കെ.എസ്.എ/കെ.കെ.ഡി<br>പി 4/391/23 ,27.2.24 | 22 | 1-1, 1-3(1-4), 1-5,1-6,1-7,<br>1-8,1-9,1-10,1-11,1-12,1-13,<br>1-14,1-15,1-16,1-17,1-18,1-19,<br>1-21,1-22,3-1,3-2(1,2),<br>4-11 |
| 2020-21 | കെ.എസ്.എ/കെ.കെ.ഡി<br>പി 4/512/24,12.3.24 | 10 | 1-6,1-8,1-9,1-10,1-11,<br>1-12,1-13,1-16,1-17,1-22 |
| 2021-22 | കെ.എസ്.എ/കെ.കെ.ഡി<br>പി 4/1884/2023,05.08.24 | 24 | 1-1,1-4-1,1-6,1-7,1-8,1-9,<br>1-11,1-12,1-13,1-16,1-17,1-18,<br>1-19,1-20,1-21,1-22,1-24,<br>1-25,1-26,1-27,1-28,<br>1-29,1-30,1-31 |
| 2022-23 | കെ.എസ്.എ/കെ.കെ.ഡി<br>പി 4/1278/23, 06-10-2023 | 19 | 1-1, 1-1(1-9),1-5,1-7,1-8,<br>1-9,1-10,1-11,1-12,1-14,1-17,<br>1-18,1-20,1-21,1-22, 1-23,<br>1-24,1-25, 4-11 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 127/2024 dated 127/2024 dated 30-05-2024 and submitted on 04-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Ulliyeri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ulliyeri Grama Panchayat as on 31-03-2024

**Date: 07/10/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Ulliyeri Grama Panchayat for the Year 2023-2024.

#### 1.Major Observations

NIL

#### 2.Other Observations

1. comments relating to ratios
2. .Non transfer to stale cheque liability account
3. .Cheque deposited but not credited -

4,Non transfer to income account from stale cheque account

5.Non transfer to income account from other liability account

6.Advance Reg ,Deposit Reg –mismatch with afs

7 .Receipt issued in wrong Account

# അനുബന്ധം-2

# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്